# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2012 മാർച്ച് 8, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തരപ്രമേയം

### വിദ്യാർത്ഥിനിയുടെ കൊലപാതകം

മി. സ്പീക്കർ: തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ വേറ്റിനാട് ചിറക്കോണം വിളയിൽ വീട്ടിൽ വി.ജെ. ആര്യ എന്ന വിദ്യാർത്ഥിനിയെ 06-03-2012-ന് വൈകുന്നേരം വീട്ടിനുള്ളിലെ കിടപ്പുമുറിയിൽ കഴുത്തിൽ തോർത്ത് മുറുക്കി കൊലചെയ്യപ്പെട്ട നിലയിൽ കണ്ടെത്തിയതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോലിയക്കോട് എൻ.കൃഷ്ണൻ നായർ, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിഷ്ഠൂരവും പൈശാചികവുമായ ഈ സംഭവത്തിൽ നിയമനടപടികളോടൊപ്പം സാമൂഹ്യ മനസ്സാക്ഷിയുമുണർന്ന് പ്രതികരിക്കേണ്ടതുണ്ട്. വട്ടപ്പാറ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വെമ്പായം വില്ലേജിൽ വേറ്റിനാട് ചിറക്കോണം വിളയിൽ വീട്ടിൽ കന്യാകുളങ്ങര ജി.എച്ച്.എസ്.എസ്-ൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന ആര്യാ വിജയൻ 06-03-2012-ന് വൈകിട്ട് 5.30-ന് വീട്ടിലെ കിടപ്പുമുറിയിലെ തറയിൽ കഴുത്തിൽ തോർത്ത് ചുറ്റിയിരിക്കുന്ന നിലയിൽ മരിച്ച് കിടക്കുന്നതായിട്ടാണ് ജോലി കഴിഞ്ഞെത്തിയ കുട്ടിയുടെ അമ്മ കണ്ടത്. കുട്ടിയുടെ അച്ഛന്റെ ജ്യേഷ്ഠന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വട്ടപ്പാറ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡോഗ് സ്ക്വാഡ്, ഫിംഗർ പ്രിന്റ്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവർ സ്ഥലം സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. മൃതശരീരം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും സംഭവത്തെക്കുറിച്ച് തിരുവനന്തപുരം റെയിഞ്ച് ഐ.ജി., റൂറൽ പോലീസ് സൂപ്രണ്ട് എന്നിവർ പരിശോധിച്ച് കേസ്സന്വേഷണത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വെഞ്ഞാറമൂട് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കേസന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ അഭിപ്രായമനുസരിച്ച് കുട്ടി ലൈംഗിക പീഡനത്തിന് വിധേയയായിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. സാമ്പത്തിക ലാഭത്തിനുവേണ്ടിയാണ് കുട്ടിയെ കൊലപ്പെടുത്തിയിരിക്കുന്നതെന്നാണ് കരുതുന്നത്. ഇതുസംബന്ധിച്ച അന്വേഷണം ഫലപ്രദമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:</u> തിരുവനന്തപുരം ജില്ലയിലെ വട്ടപ്പാറ വേറ്റിനാട് ചിറക്കോണം വിളയിൽ വീട്ടിൽ പെയിന്റർ വിജയകുമാരൻ നായരുടേയും സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരി ജയകുമാരിയുടേയും 15 വയസ്സ് പ്രായമുള്ള മകൾ വി.ജെ. ആര്യ സ്വന്തം വീട്ടിലെ കിടപ്പുമുറിയിൽ കഴുത്തിൽ തോർത്ത് മുറുക്കി കൊലപ്പെടുത്തിയ നിലയിൽ കാണപ്പെടുകയുണ്ടായി. കുട്ടി മരിച്ചുകിടന്ന മുറി അലങ്കോലമായിക്കിടന്നിരുന്നു, ധരിച്ചിരുന്ന ആഭരണങ്ങൾ നഷ്ടപ്പെട്ടിരുന്നു. പെൺകുട്ടികൾക്ക് സ്വന്തം വീട്ടിൽപ്പോലും സുരക്ഷിതത്വമില്ലാത്ത സ്ഥിതി സംസ്ഥാനത്ത് തുടർച്ചയായി സംജാതമായിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായ തെളിവുകൾ ലഭ്യമായിട്ടുപോലും പോലീസിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ആ പ്രദേശത്തെ ജനങ്ങളാകെ ഭീതിയിലാണ്. കേസന്വേഷണത്തിന് സ്പെഷ്യൽ ടീമിനെ നിയോഗിക്കണം. ഈ കുട്ടിയുടെ കുടുംബത്തിന് ധനഹായം അനുവദിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. പാലോട് രവി:</u> നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടന്ന സംഭവമാണിത്. ഈ കുട്ടിയുടെ മരണം നടന്ന് 12 മണിക്കൂറിനകം മുഖ്യമന്ത്രി സംഭവസ്ഥലത്തെത്തുകയുണ്ടായി. ഐ.ജി.-യുടെയും എസ്.പി.-യുടെയും സാന്നിദ്ധ്യത്തിലാണ് ഇൻക്വസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പോലീസ് ഏതാനും ആട്ടോറിക്ഷാ ഡ്രൈവർമാരെ അറസ്റ്റ് ചെയ്ത് ഐഡന്റിഫിക്കേഷന് വിധയമാക്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സത്യസന്ധമായ അന്വേഷണം നടത്തി കുറ്റവാളികൾക്ക് മാതൃകാപരമായ

ശിക്ഷ നൽകാൻ നടപടി സ്വീകരിക്കണം. ഈ കുട്ടിയുടെ കുടുംബത്തിന് ധനസഹായം അനുവദിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സമൂഹം ഒറ്റക്കെട്ടായി നിൽക്കണം. ഇത്തരം സംഭവങ്ങൾ ന്യായീകരിക്കാൻ യു.ഡി.എഫ് ഗവണ്മെന്റിന് കഴിയില്ല. സ്കൂൾ വിട്ട് കുട്ടികൾ വീട്ടിലെത്തുന്നതിനുമുമ്പ് രക്ഷകർത്താക്കൾക്ക് വീട്ടിലെത്തുന്ന തിനുവേണ്ടി തൊഴിലുറപ്പുപദ്ധതിയുടെ സമയം രാവിലെ ഒൻപതുമുതൽ വൈകുന്നേരം നാലുമണിവരെയാക്കാൻ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെ ട്ടിട്ടുണ്ട്. ഈ കേസിലെ പ്രതികളെ കണ്ടെത്തുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. അന്വേഷണം ഫലപ്രദമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകും. ഈ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്.അച്യുതാനന്ദൻ) : ഒരു പെൺകുട്ടിയ ആക്രമിച്ച് മൃഗീയമായി കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതികളെ ഇതുവരെ പിടിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. ആ കുടും ബത്തെ രക്ഷിക്കാൻ എന്ത് സഹായം ചെയ്യാൻ കഴിയുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കുകയും പ്രതികളെ ഉടൻ കണ്ടെത്താൻ വേണ്ട നടപടി സ്വീകരി ക്കുകയും ചെയ്യണം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

## ശ്രദ്ധ ക്ഷണിക്കൽ

### (1) സംസ്ഥാന - ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതികളെ പിരിച്ചുവിട്ട നടപടി

ശ്രീ. ഇ. പി. ജയരാജൻ : സഹകരണ രംഗത്ത് നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കുകളിലേയും ഭരണസമിതിയെ പിരിച്ചുവിട്ട് ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ച നടപടി ഭരണഘടനയുടെയും നിയമനടപടിക്രമങ്ങളുടേയും ലംഘനമാണ്. ഇത്തരമൊരു ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള ഒരു സാഹചര്യവും ഇന്ന് സംസ്ഥാനത്തില്ല. സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 2008-ൽ സഹകരണ നിയമം പാസ്സാക്കിയത്. സഹകരണ ബാങ്കുകളും അർബൺ ബാങ്കുകളും ജില്ലാ ബാങ്കുകളുമായി ചേർന്ന് ഭരണസമിതിയെ തെരഞ്ഞെടുക്കണമെന്നാണ് ഹൈക്കോടതി വിധി വന്നത്. ഭരണസമിതി പിടിച്ചെടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ സംഘങ്ങളിൽ പലതും ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഇന്ത്യ അംഗീകരിച്ചുവരുന്ന ബാങ്കിംഗ് സിസ്റ്റത്തെ തകർത്ത് ഭരണം പിടിച്ചടക്കാനാണ് ഈ സർക്കാർ ഇപ്പോൾ ഇത്തരമൊരു ഓർഡിനൻസിറക്കിയത്. സഹകരണ പ്രസ്ഥാനത്തെ ദുർബ്ബലപ്പെടുത്താനും ഈ മേഖലയിലെ നിക്ഷേപം മുഴുവൻ സ്വകാര്യമേഖലയ്ക്ക് കയ്യടക്കാനുമുള്ള പ്രചരണവും നീക്കവുമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. ജനാധിപത്യവിരുദ്ധ നടപടികൾ ഈ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ഈ ഓർഡിനൻസ് പിൻവലിച്ച് സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) : 2002-ലെ ഭേദഗതി ആക്ട് പ്രകാരം ജില്ലയ്ക്കകത്തുള്ള സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം ഉറപ്പുവരുത്തുകയെന്നതാണ് ഈ ഓർഡിനൻസുകൊണ്ടുദ്ദേശിക്കുന്നത്. 2007-ലെ ഓർഡിനൻസിലൂടെ ജില്ലാ സഹകരണ ബാങ്കുകളുടെ അംഗത്വം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ സംഘങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തി ജനാധിപത്യ വിരുദ്ധമായും രാഷ്ട്രീയ പ്രേരിതമായും ജില്ലാ - സംസ്ഥാന സഹകരണ ബാങ്കുകളുടെ ഭരണം പിടിക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണ് മുൻസർക്കാർ 2007-ൽ ഓർഡിനൻസ് കൊണ്ടുവന്നത്. എംപ്ലോയീസ് ഹൗസിംഗ് സംഘങ്ങൾ, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ, വനിതാ കൺസ്യൂമർ സംഘങ്ങൾ മുതലായവയെ നാമമാത്ര അംഗങ്ങളാക്കി മാറ്റി ജില്ലാ ബാങ്കുകളെ വോട്ടവകാശത്തിൽനിന്ന് ഒഴിവാക്കി. ഈ ഓർഡിനൻസിലൂടെ ക്രെഡിറ്റ്-നോൺക്രെഡിറ്റ് വ്യത്യാസമില്ലാതെ ജില്ലയിലെ എല്ലാ സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കിൽ അംഗത്വം നൽകുന്നതുകൂടാതെ ഭരണ സമിതിയിൽ അർഹതപ്പെട്ടവരുടെ പ്രാതിനിധ്യവും ഉറപ്പാക്കിയിരിക്കുകയാണ്. ഇപ്പോഴത്തെ ഓർഡിനൻസിനെ ചോദ്യം ചെയ്തുകൊണ്ടുള്ള വാദത്തിന് അടിസ്ഥാനമില്ലെന്ന് ഹൈക്കോടതി വെളിപ്പെടുത്തിയിട്ടുണ്ട്. 2012 അന്താരാഷ്ട്ര സഹകരണ വർഷമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ എല്ലാ വിഭാഗത്തിൽപ്പെടുന്ന സഹകരണ സ്ഥാപനങ്ങൾക്കും തുല്യ നീതി ഉറപ്പുവരുത്തി ഈ മേഖലയുടെ സർവ്വതോൻമുഖമായ വികസനവും വളർച്ചയും സാധ്യമാക്കുന്നതിനാണ് സർക്കാരും സഹകരണ വകുപ്പും ലക്ഷ്യമിടുന്നത്.

(മന്ത്രിയുടെ മറുപടിയിൽ തൃപ്തരാകാതെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനകം സഭയിൽ ഹാജരാവുകയും ചെയ്തു.

## (2) അഗതികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ

ശ്രീ. പി.ബി. അബ്ദുൾ റസാക്: സംസ്ഥാനത്ത് പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഉപേക്ഷിക്കപ്പെട്ട അനാഥരും രോഗികളും വൃദ്ധരുമായവരുടെ ക്ഷേമപദ്ധതികൾക്ക് ഏകോപനമില്ലാത്തതിനാൽ അവയൊന്നും ഫലപ്രദ മാകുന്നില്ല. സർക്കാർ/സർക്കാരിതര ഏജൻസികൾ പാവപ്പെട്ടവർക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്ന ഒരു സംവിധാനം ജില്ലകളിലുണ്ടാകണം. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തി അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭ്യമാക്കാനും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : കേരള സാമൂഹ്യ സുരക്ഷാ മിഷൻ 65 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങൾക്കുവേണ്ടി നഗര/പട്ടണ പ്രദേശങ്ങളിൽ നടപ്പാക്കി വരുന്ന 'വയോമിത്രം' പദ്ധതിയനുസരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് ജില്ലാ ആസ്ഥാനങ്ങളിലുണ്ട്. ഇതുവഴി 14 ഹെൽപ്പ് ഡെസ്ക്കുകളുടെയും നമ്പർ പൊതുജനങ്ങളുടെ അറിവിലേ ക്കായി പ്രസിദ്ധീകരിക്കുകയും ഇവരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രതികൂല സാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികൾക്കുവേണ്ടി ചൈൽഡ് സേവന പദ്ധതി നടപ്പാക്കിവരുന്നു.

കഷ്ടതകൾ അനുഭവിക്കുന്ന കുട്ടികൾക്കും അവരെ കണ്ടെത്തുന്ന വ്യക്തി കൾക്കും 1098 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ച് ചൈൽഡ് ലൈൻ സേവനം ലഭ്യമാക്കാവുന്നതാണ്. സാമൂഹ്യ ക്ഷേമ വകുപ്പിൽ കേരള മഹിളാ സമഖ്യ സൊസൈറ്റി മുഖേന വനിതാ ഹെൽപ് ഡെസ്ക്കുകൾ സ്ഥാപിക്കുന്ന തിന് നടപടി സ്വീകരിച്ചുവരികയാണ്. വികലാംഗരുടെ ക്ഷേമത്തിനായി ഡിസേബിൾഡ് ഇൻഫർമേഷൻ ലൈൻ എന്ന ഹെൽപ്പ് ലൈൻ സേവനം ലഭ്യമാക്കിയിട്ടുണ്ട്. തെരുവുകളിൽ കഴിയേണ്ടി വരുന്ന വൃദ്ധർ, മനോരോഗി കൾ, സ്ത്രീകൾ, കുട്ടികൾ, ഒറ്റയ്ക്ക് താമസിക്കുന്നവർ, മാനസിക അസ്വാസ്ഥ്യമുള്ളവർ, അനാഥരായ കുട്ടികൾ എന്നിവരുടെ സംരക്ഷണ ത്തിനും പുനരധിവാസത്തിനും വേണ്ടി ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വയോമിത്രം പദ്ധതി ബ്ലോക്ക് തലത്തിലേയ്ക്ക് വ്യാപി പ്പിക്കുന്നതിനുള്ള തീരുമാനമുണ്ട്. അവശതയനുഭവിക്കുന്ന വൃദ്ധർക്ക് സൗജന്യ ആംബുലൻസ് സൗകര്യവും മൊബൈൽ ക്ലിനിക്കുകളുടെ സേവനവും ജില്ലാതലത്തിൽ ഏർപ്പാടാക്കിയിട്ടുണ്ട്. ഡോക്ടർമാരുടെ ലഭ്യത ഉറപ്പുവരുത്തി പ്രസ്തുത പദ്ധതി ശക്തിപ്പെടുത്തുന്നതാണ്. ജില്ലാതലത്തിൽ ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറെ ചുമതലപ്പെടുത്തി കളക്ടറേറ്റുകളിൽ ഹെൽപ്പ് ലൈൻ ഉണ്ടാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. എഫ്.എം. റേഡിയോ, പത്ര-മാധ്യമങ്ങൾ എന്നിവ ഉപയോഗിച്ച് സാമൂഹ്യ സുരക്ഷാ മിഷനിലൂടെ ലഭിക്കുന്ന സേവനങ്ങളെ സംബന്ധിച്ച അറിയിപ്പുകൾ കൊടുക്കുന്നതാണ്.

കുട്ടികൾക്ക് പേമെന്റ് ഗേറ്റ്‌വേ, കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ എന്നിവയ്ക്കും പണം വിനിയോഗിക്കുന്നുണ്ട്.

**സബ്മിഷൻ**

### (1) വിദ്യാഭ്യാസ വായ്പ എടുത്തവർക്കെതിരെ ജപ്തി നോട്ടീസ്

ശ്രീ. റോഷി അഗസ്റ്റിൻ : വിദ്യാഭ്യാസ വായ്പയെടുത്തവർക്ക് കാലാവധി കഴിയുന്നതിനുമുമ്പ് പലിശയടക്കമുള്ള തുകയ്ക്ക് ജപ്തി നോട്ടീസുകൾ ലഭിക്കുന്നതിനാൽ അവരിൽ പലരും ഇന്ന് ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുകയാണ്. മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള ബാങ്കുകളുടെ ഈ നടപടിയെക്കുറിച്ച് അന്വേഷിക്കണം. ബാങ്കുകളുടെ ജപ്തി നടപടി നിറുത്തിവയ്ക്കുന്നതിനും പലിശയിളവ് പൂർണ്ണമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പ്രശ്നം ഇന്ന് വളരെ രൂക്ഷമായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് 01-04-2009-ന് ശേഷമുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് മാത്രമാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ആനുകൂല്യം 01-04-2009-ന് മുമ്പുള്ള വായ്പകൾക്ക് കൂടി ബാധകമാക്കണമെന്നും പലിശ നിരക്ക് കുറയ്ക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അംഗീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും ഹയർ എഡ്യുക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറി, ലീഡ് ബാങ്കിന്റെ മാനേജർ എന്നിവർ അംഗങ്ങളായും ഒരു

കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ സംസ്ഥാന സർക്കാരിന് സാധ്യമായതെല്ലാം ചെയ്യുന്നതാണ്.

### (2) ഓൾ ഇന്ത്യ മെഡിക്കൽ എൻട്രൻസ് പരീക്ഷ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ക്രൈസ്തവരുടെ വിശേഷ ദിവസമായ ഓശാന ഞായർ ദിവസം നടത്താൻ നിശ്ചയിച്ചിരിക്കുന്ന ഓൾ ഇന്ത്യ മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ തീയതി മാറ്റുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഓശാന ഞായർ ദിവസം ഓൾ ഇന്ത്യ മെഡിക്കൽ എൻട്രൻസ് പരീക്ഷ വയ്ക്കാൻ പാടില്ലാത്തതാണെന്ന നിലപാട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഓൾ ഇന്ത്യ ലെവലിൽ ക്രമീകരിച്ചിരിക്കുന്നതുകൊണ്ട് പരീക്ഷ മാറ്റുന്നതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും കേരളത്തിൽനിന്നുമാത്രമാണ് ഇത്തരത്തിലൊരു ആവശ്യം വന്നിട്ടുള്ളതെന്നുമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള വിവരം. പല സ്റ്റേറ്റുകളിലും മറ്റ് പരീക്ഷകൾ നടക്കുന്നതിനാൽ എക്സാമിനേഷൻ സെന്റേഴ്സിന്റെ കാര്യത്തിൽ വരുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് ഞായറാഴ്ച ദിവസം പ്രസ്തുത പരീക്ഷ നിശ്ചയിച്ചിട്ടുള്ളത്. ഇക്കാര്യം വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### (3) ഷാഹുവിന്റെ മരണം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ചാവക്കാട് മണത്തല നേർച്ചയോടനുബന്ധിച്ച് ഘോഷയാത്ര നടക്കവെ രണ്ട് സംഘങ്ങൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിനെത്തുടർന്ന് മർദ്ദനമേറ്റ ഷാഹു എന്ന മത്സ്യത്തൊഴിലാളി പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്താനും അന്വേഷണം പ്രത്യേക സംഘത്തിന് കൈമാറാനും കൊല

ക്കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യാനും കുടുംബത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകാനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 28-02-2012-ന് മണത്തല നേർച്ചയോടനുബന്ധിച്ച് നടന്ന ഘോഷയാത്രയ്ക്കിടയിൽ രണ്ട് ഗ്രൂപ്പുകൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിനെത്തുടർന്ന് മർദ്ദനമേറ്റ ഷാഹുവിനെ പോലീസ് ജീപ്പിൽക്കയറ്റി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും മരണം സംഭവിക്കുകയാണുണ്ടായത്. ഇതേസമയം ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ എതിർ ഗ്രൂപ്പുകാരായ മുക്താറിനേയും മുഹമ്മദ് കുഞ്ഞിനേയും സംഭവവുമായി ബന്ധപ്പെട്ട് സ്റ്റേഷനിൽ കൊണ്ടുവരികയും ഷാഹുവിന്റെ സഹോദരന്റെ പരാതി പ്രകാരം ചാവക്കാട് പോലീസ് സ്റ്റേഷനിൽ അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത് പ്രതികളെ കോടതിയിൽ ഹാജരാക്കുകയും പ്രസ്തുത സംഭവം സംബന്ധിച്ച് പോലീസ് കാര്യമായ അന്വേഷണം നടത്തിവരികയുമാണ്.

## (4) ആറൻമുള ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതി

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം എം.എൽ. എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കെ. ശിവദാസൻ നായർ : ആറൻമുളയിലെ നിർദ്ദിഷ്ട ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റെടുത്ത ജനവാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ഭൂമി വ്യവസായ മേഖലയായി പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത നോട്ടിഫിക്കേഷൻ ഭേദഗതി ചെയ്ത് ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായി വ്യവസായ മേഖല

യുടെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ആറന്മുള ഗ്രീൻഫീൽഡ് വിമാനത്താവളത്തിന് അധികം സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആവശ്യമുള്ളത് കഴിഞ്ഞ് ബാക്കിയുള്ളത് ഡീനോട്ടിഫൈ ചെയ്യുന്നതിൽ വിരോധമില്ല. ഈ പ്രോജക്ടുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

**(5) കോഴിക്കോട് സർവ്വകലാശാലാ പരിസരത്ത് നടന്ന അക്രമങ്ങൾ**

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി. ശ്രീരാമകൃഷ്ണൻ എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കെ.എൻ.എ. ഖാദർ: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെട്ട കോഴിക്കോട് സർവ്വകലാശാലാ പരിസരത്ത് നിലനിൽക്കുന്ന സംഘർഷഭരിതമായ അന്തരീക്ഷം ഒഴിവാക്കി ക്രമസമാധാനം പുന:സ്ഥാപിക്കണം. കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ വിദ്യാർത്ഥികളല്ലാത്തവർ താമസിക്കുകയും ആയുധങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ എഞ്ചിനീയറിംഗ് കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന കോളേജ് യൂണിയന്റെ കൾച്ചറൽ പ്രോഗ്രാമിനോടനുബന്ധിച്ച് ഉണ്ടായ സംഘർഷത്തിലും അക്രമത്തിലുമുൾപ്പെട്ട അൻപതോളം വിദ്യാർത്ഥികളുടെ പേരിലും പോലീസിനേയും സെക്യൂരിറ്റി ഓഫീസറേയും ആക്രമിക്കുകയും പോലീസ് ജീപ്പിന് നാശനഷ്ടമുണ്ടാക്കുകയും ചെയ്ത എസ്.എഫ്.ഐ. പ്രവർത്തകരുടെ പേരിലും കേസ്സെടുത്തിട്ടുണ്ട്.

## (6) വാഗമണിലെ വാഹനാപകടം

[പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി.സി. ജോർജ് എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്]

ശ്രീ. പി. തിലോത്തമൻ: വാഹനാപകടത്തിൽപ്പെട്ട വാഗമണിലെ ചേർത്തല, മുഹമ്മ സ്വദേശികളായ ചെണ്ടമേള കലാകാരന്മാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും ഗവൺമെന്റ് അനുവദിച്ച സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ സംഭവത്തിൽ അലക്ഷ്യമായി വാഹനം ഓടിച്ച് അപകടം വരുത്തിയ ഡ്രൈവർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. മരിച്ചയാളുകളുടെ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 10,000 രൂപവീതവും ഗുരുതരമായി പരിക്കേറ്റവർക്ക് 25,000 രൂപ വീതവും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ തുക വർദ്ധിപ്പിക്കണം എന്നുള്ള ആവശ്യത്തിന്റെയടിസ്ഥാനത്തിൽ സുധീഷിന് 50,000 രൂപയും പ്രിൻസിനും രതീഷിനും 25,000 രൂപ വീതവും നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. വേലത്തുശ്ശേരി മുതൽ വാഗമൺ വരെയുള്ള 16 കി.മീറ്റർ റോഡിൽ വിവിധ സ്ഥലങ്ങളിലായി 9 കി.മീറ്റർ നീളത്തിൽ റോഡ് സൈഡിൽ ക്രാഷ് ബാരിയറുകൾ സ്ഥാപിക്കുന്നതിനും വളവ് നിവർത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. മൂന്ന് സ്ഥലങ്ങളിൽ കോൺക്രീറ്റ് റീറ്റെയിനിംഗ് വാൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. ചികിത്സാ സഹായം വർദ്ധിപ്പിക്കുന്ന കാര്യം ഗൗരവ

മായി പരിഗണിക്കുന്നതും ഗുരുതരമായി പരിക്കുപറ്റിയവരുടെ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിച്ച് തീരുമാനിക്കുന്നതുമാണ്.

## (7) ടെക്നോസിറ്റിയുടെ പ്രവർത്തനം

ശ്രീ. പാലോട് രവി : ടെക്നോസിറ്റി യാഥാർത്ഥ്യമാക്കുന്നതിനും ടാറ്റാ കൺസൾട്ടൻസി, ഐ.ഐ.റ്റി., ഇൻഫോസിസ് തുടങ്ങിയ സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ടെക്നോ പാർക്ക് പണയപ്പെടുത്തിയാണ് ടെക്നോസിറ്റിക്കാവശ്യമായ സ്ഥലത്തിനുള്ള പണം കണ്ടെത്തിയത്. പലിശ യും തിരിച്ചടവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ ടെക്നോപാർക്കിന്റെ പ്രവർത്തനം ശോചനീയാവസ്ഥ യിലാകും. അവിടത്തെ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം അടിയന്ത രമായി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഫോസിസിന്റെ സെക്കന്റ് ക്യാമ്പസ് പ്രവർത്തനമാകുന്നതോടുകൂടി പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുകയും ഐ.റ്റി. എക്സ്പോർട്ട് ഇരട്ടിയാകുകയും ചെയ്യും. സൺടെക്ക്, ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ്സ് തുടങ്ങിയ കമ്പനികൾ ഇൻവെസ്റ്റ് ചെയ്യാൻ മുന്നോട്ടുവരുന്നുണ്ട്. ഈ സ്ഥലം ഉപയോഗപ്പെടുത്തി ഇൻവെസ്റ്റുമെന്റ് കൊണ്ടുവന്ന് ടെക്നോപാർക്ക് ഉൾപ്പെടെ സംരക്ഷിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

## (8) തൃശ്ശൂരിലെ വാണിജ്യ നികുതി ഓഫീസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: നാല് കോടി രൂപ ചെലവഴിച്ച് പണി കഴിപ്പിച്ച തൃശ്ശൂരിലെ വാണിജ്യ നികുതി ഓഫീസ് സമുച്ചയം പ്രവർത്തനക്ഷമ മാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): തൃശ്ശൂരിലെ വാണിജ്യ നികുതി ഓഫീസ് സമുച്ചയത്തിന്റെ പണി കിറ്റ്കോയെയാണ് ഏൽപ്പിച്ചിരുന്നതെങ്കിലും അവർ പണി ഉപേക്ഷിച്ചുപോകുകയാണുണ്ടായത്. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി സെറ്റിൽമെന്റുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

## (9) കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് വിതരണം ചെയ്യുക, ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കുക, പട്ടികജാതി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക, നെൽവയൽ-തണ്ണീർത്തട നിയമം കർശനമായി നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളാ സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണി യനുകൾ മാർച്ച് മാസം 15-ന് സെക്രട്ടേറിയറ്റ്, വിവിധ കളക്ടറേറ്റുകൾ എന്നി വിടങ്ങളിൽ മാർച്ചും ധർണ്ണയും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ) : കർഷകത്തൊഴിലാളി ക്ഷേമ പെൻഷൻ വിതരണം പഞ്ചായ

ത്തുകൾ വഴി നടന്നുകൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ 2011 ഡിസംബർ വരെയുള്ള എല്ലാ പെൻഷനുകളും നൽകിയിട്ടുള്ളതിനാൽ സമരത്തിൽ നിന്ന് യൂണിയനുകൾ പിന്മാറേണ്ടതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : കാർഷികരംഗത്തെ വളർച്ച പ്രോൽസാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥിതിയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും വേണ്ടി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് നടപ്പിലാക്കുന്നതിനായി പ്രാദേശികതല നീരീക്ഷണ സമിതി, ജില്ലാതല അധികൃത സമിതി, സംസ്ഥാനതല സമിതി എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൃഷിയോഗ്യമായ നെൽവയലിന്റേയും തണ്ണീർത്തടത്തിന്റേയും വിശദ വിവരങ്ങളടങ്ങിയ ഡാറ്റാ ബാങ്ക് തയ്യാറാക്കി വിജ്ഞാപനം ചെയ്തശേഷം പൊതുജനങ്ങളുടെ അറിവിലേക്ക് വില്ലേജ് ഓഫീസുകളിലും മറ്റ് ബന്ധപ്പെട്ട ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു.

### (10) തെങ്ങുകയറ്റത്തൊഴിലാളികൾക്കുണ്ടാകുന്ന അപകടം

ശ്രീ. സി.കെ. നാണു: തെങ്ങിൽനിന്ന് വീണ് അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് മറ്റ് അപകടങ്ങളിൽപ്പെടുന്നവർക്ക് നൽകുന്നതുപോലെയുള്ള ആനുകൂല്യവും സംരക്ഷണവും ചികിത്സാസഹായവും നൽകാൻ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ ഷിബു

ബേബി ജോൺ): തെങ്ങിൽനിന്ന് വീണ് മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 50,000 രൂപയും അംഗവൈകല്യം സംഭവിക്കുന്നവർക്ക് 25,000 രൂപയുമാണ് സർക്കാർ ധനസഹായമായി നൽകിവരുന്നത്. അത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും ഈ മേഖലയിൽ ഒരു പ്രത്യേക ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലാണ് തെങ്ങുകയറ്റത്തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(11) ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി

ശ്രീ. സി. കൃഷ്ണൻ: സംസ്ഥാനത്തെ ഖാദി തൊഴിലാളികൾക്ക് 12 മാസമായി മുടങ്ങിക്കിടക്കുന്ന മിനിമം കൂലി നൽകാനും പത്തുകൊല്ലമായി അവർക്ക് നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് തുടർന്നും നൽകാനും നടപടി സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് 100 ദിവസം അധികവേതനം നൽകുന്നതിനായി അനുവദിച്ച തുകയിൽനിന്നും ഖാദി മേഖലയ്ക്ക് ലഭിച്ച പത്തുകോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ് തുകയും ഉപയോഗിച്ച് 2010-11 വർഷത്തെ മിനിമം വേതനം നൽകിയിട്ടുണ്ട്. 2011-12 വർഷത്തെ മിനിമം വേതനം നൽകുന്നതിനായി 1468 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. 2011-12 വർഷം പദ്ധതിയിനത്തിൽ സിൽക്ക് ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കാനും നെയ്ത്തുമേഖലയിൽ സബ്സിഡി കൊടുക്കുന്നതിനുംവേണ്ടി വകയിരുത്തിയ തുക തൊഴിലാളികൾക്ക് അനുവദിച്ചുനൽകുന്ന

താണ്. ഖാദി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. മിനിമം കൂലി കൊടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(12) ശുദ്ധജല വിതരണ സംവിധാനം കാര്യക്ഷമമാക്കൽ

ശ്രീ. കെ. മുരളീധരൻ: തലസ്ഥാനത്തെ ശുദ്ധജലവിതരണ ശൃംഖലയുടെ തകരാർ പരിഹരിക്കുന്നതിന് സമഗ്രമായ പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കണം. പൈപ്പുകളുടെ ഗുണനിലവാരമില്ലായ്മയും നിർമ്മാണ പ്രവർത്തനങ്ങളുടെ വൈകല്യവും കൊണ്ട് ലൈനുകൾ പൊട്ടി ജലവിതരണം തടസ്സപ്പെടുകയും ഫണ്ടിന്റെ അപര്യാപ്തതമൂലം പൈപ്പുകൾ മാറ്റിയിടാൻ കഴിയാതെ വരികയും ചെയ്യുന്നുണ്ട്. മന്ത്രിതലത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ പൂർണ്ണമായി നടപ്പാക്കണം. പദ്ധതികളുടെ നടത്തിപ്പിൽ പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതികൾ അടിയന്തരമായി വിളിച്ചുകൂട്ടുകയും ജലവിതരണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കാൻ ഉദ്യോഗസ്ഥ തലത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): തിരുവനന്തപുരം നഗരത്തിലുള്ള ശുദ്ധജല വിതരണ സംവിധാനത്തിലെ തകരാറുകൾ പരിഹരിക്കാൻ 'ജിക്കാ'-യുടെ സഹായത്തോടെ സ്ഥാപിച്ച പൈപ്പുലൈനുകൾ പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വട്ടിയൂർക്കാവ് വാർഡിൽ കുലശേഖരം, കൊടുങ്ങാനൂർ, തോപ്പുമുക്ക്, മൂന്നാംമൂട്, പാപ്പാട്, മണ്ണറക്കോണം, കാവല്ലൂർ

എന്നിവിടങ്ങളിലെ ജലവിതരണം നിലവിലുള്ള വാട്ടർ അതോറിറ്റി ലൈനുകളുമായി ഇന്റർകണക്ട് ചെയ്ത് നൽകുകയും പ്രസ്തുത ഭാഗങ്ങളിൽ ജിക്കാ പൈപ്പ്ലൈനുകളിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുകയും അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള നിരന്തരം പൊട്ടുന്ന പ്രധാന പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 50 കോടി രൂപ ചെലവ് വരുന്ന പദ്ധതി അടുത്ത ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. ഡിവിഷൻ-സബ്ഡിവിഷൻതല ഉപദേശക സമിതികൾ അടിയന്തരമായി വിളിച്ചുചേർക്കാൻ കർശന നിർദ്ദേശം നൽകുകയും സമിതികൾ വിളിച്ചുകൂട്ടാതിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തിട്ടുണ്ട്.

### (13) <u>മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണം</u>

<u>ശ്രീ. എ. കെ. ബാലൻ</u>: തരൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ 85 ശതമാനം പണി പൂർത്തീകരിച്ചെങ്കിലും കരാറുകാരന് തുക നൽകാത്തതു മൂലം കെട്ടിടനിർമ്മാണം മുടങ്ങുന്ന അവസ്ഥയിലാണ്. സർക്കാർ അനുവദിച്ച മുഴുവൻ തുകയും പട്ടികജാതി വകുപ്പിന്റെ ടി.എസ്.പി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് ശേഷിച്ച പണി പൂർത്തിയാക്കണം.

പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽ കുമാർ</u>): പെരിങ്ങോട്ടുകുറിശ്ശിയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.സി. അനുവദിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ്

എഞ്ചിനീയറിൽനിന്നും രണ്ട് ശുപാർശകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ **96,25,679** രൂപയ്ക്ക് എൽ.സി. അനുവദിച്ച് പട്ടികജാതി-പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യുക്കേഷണൽ സൊസൈറ്റി പ്രസിഡന്റിന്റെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.പി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ കീഴിലുള്ള രണ്ടാമത്തെ ശുപാർശ ഉടൻതന്നെ ക്ലിയർ ചെയ്യുന്നതാണ്.

**(14) പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇൻ-പേഷ്യന്റ് വിഭാഗം നിറുത്തലാക്കിയ നടപടി**

ശ്രീ. എം. എ. വാഹീദ്: കടകംപള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിറുത്തലാക്കിയ ഇൻപേഷ്യന്റ് വിഭാഗം പുന:സ്ഥാപിക്കുകയും അവിടെ നിന്നും മറ്റ് ആശുപത്രികളിലേക്ക് നിയോഗിച്ച സ്റ്റാഫുകളെ അവിടെത്തന്നെ നിയമിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കടകം പള്ളി പി.എച്ച് സെന്ററിലെ അഞ്ച് കിടക്കകളുള്ള ഐ.പി. വിഭാഗം പുന:സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. കിടത്തി ചികിത്സയി ല്ലാത്ത പ്രൈമറി ഹെൽത്ത് സെന്ററുകളിലെ അധിക ജീവനക്കാരെ മറ്റ് ആശു പത്രികളിലേക്ക് മാറ്റുന്നതിനായി ഇറക്കിയ ഗവണ്മെന്റ് ഉത്തരവ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(15) ചങ്ങാടക്കടവ് പാലം**

ശ്രീ. എ.ടി. ജോർജ്: അമ്പൂരി ഗ്രാമപഞ്ചായത്തിലെ ചങ്ങാടക്കടവിൽ നെയ്യാർ റിസർവോയറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരി ക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ചങ്ങാടക്കടവിൽ പാലം നിർമ്മിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൈറ്റ് സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷനും റൂബി സോഫ്റ്റ് ടെക്ക് എന്ന സ്ഥാപനമാണ് നടത്തുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലത്തിന്റെ പണി ഏറ്റെടുക്കുന്നതാണ്.

## (16) റയിൽവേ അണ്ടർപാസ്സ് - അപ്രോച്ച് റോഡ്

ശ്രീ. ബി.ഡി. ദേവസ്സി: നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ചാലക്കുടി റെയിൽവേ അണ്ടർപാസ്സിനോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡിന്റെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): ചാലക്കുടിയിൽ റെയിൽവേ അണ്ടർപാസ്സ്-അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ഭരണാനുമതിക്കായി സമർപ്പിച്ച 5.75 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് ബഡ്ജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ നടപ്പു സാമ്പത്തികവർഷം ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (17) ബി.ടി.ആർ. പരിഷ്കരണം

ശ്രീ. എം. പി. വിൻസെന്റ്: ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന വസ്തുവിന്റെ തൽസ്ഥിതി മനസ്സിലാക്കി പോക്കുവരവ് ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ബി.ടി. ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും നിലവിൽ കരഭൂമിയായി വിനി

യോഗിക്കുന്നതുമായ ഭൂമിയുടെ നിലവിലെ സ്ഥിതി ആധാരമാക്കി ബി.ടി. ആർ.-ൽ മാറ്റം വരുത്തുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം വ്യവസ്ഥ യില്ല. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 01-01-2008-ന് മുമ്പായി രൂപഭേദപ്പെടുത്തിയ നിലം സ്ഥലമുടമകളുടെ പക്കൽനിന്നും കൺവെർഷൻ ചാർജ് ഈടാക്കി നിയമവിധേയമാക്കാനുള്ള പ്രൊപ്പോസൽ കഴിഞ്ഞ ഗവണ്മെന്റ് 2008-ലെ ബഡ്ജറ്റ് നിർദ്ദേശത്തിൽ ചേർക്കുകയും ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയോഗിച്ച കമ്മിറ്റി എട്ട് ഇനങ്ങൾ അടങ്ങിയ സ്കീം അംഗീകരിച്ച് ഗവണ്മെന്റിന് സമർപ്പിച്ച നിർദ്ദേശങ്ങൾ മന്ത്രി സഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## (18) കായംകുളം താലൂക്ക് രൂപീകരണം

ശ്രീ. സി.കെ. സദാശിവൻ: കായംകുളം താലൂക്ക് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടുക ളുടെ അടിസ്ഥാനത്തിൽ പ്രയോറിറ്റി ലിസ്റ്റിൽ കായംകുളം താലൂക്ക് ഇരുപ ത്തിനാലാം നമ്പരായി ചേർത്തിട്ടുണ്ട്. പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന സമയത്ത് കായംകുളം താലൂക്കിന്റെ കാര്യം ഗൗരവത്തോടുകൂടി പരിഗണി ക്കുന്നതാണ്.

## (19) കുത്തിയതോട് താലൂക്ക് രൂപീകരണം

ശ്രീ. എ.എം. ആരിഫ്: ആലപ്പുഴ ജില്ലയിലെ കുത്തിയതോട് കേന്ദ്ര മാക്കി ഒരു താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രയോറിറ്റി ലിസ്റ്റിൽ കുത്തിയതോട് താലൂക്ക് 21-ാമതായി ചേർത്തിട്ടുണ്ട്. ഗവണ്മെന്റ് ഇക്കാര്യം ഗൗരവമായി ആലോചിക്കുന്നതാണ്.

## (20) വില്ലേജ് വിഭജനവും താലൂക്ക് പുന:ക്രമീകരണവും

ശ്രീ. ടി. എ. അഹ്മദ് കബീർ: ഇരുപതിനായിരത്തിനും ഇരുപത്തയ്യായിരത്തിനും ഇടയ്ക്ക് ജനസംഖ്യ വരത്തക്കവിധത്തിൽ സംസ്ഥാനത്തെ വില്ലേജുകൾ വിഭജിക്കാനും താലൂക്കുകൾ പുന:ക്രമീകരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : വില്ലേജുകളുടെ പുന:സംഘടന നടന്നത് വർഷങ്ങൾക്കുമുമ്പാണ്. നിയോജകമണ്ഡല പുനർനിർണ്ണയത്തിലും ഭൂവിസ്തൃതിയിലും ജനസംഖ്യാ വർദ്ധനവിലും വന്ന മാറ്റങ്ങൾക്കനുസരിച്ച് ശാസ്ത്രീയ സമീപനം സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ഇക്കാര്യത്തിൽ ഭരണപരമായ നടപടിയിലേക്ക് പോകുന്നതിന് സമയം വേണ്ടിവരും.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## റൂളിംഗ്

## ബിൽ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനുമുമ്പ് നെറ്റ് വർക്കിൽ പ്രസിദ്ധീകരിച്ചതുസംബന്ധിച്ച്

മി. സ്പീക്കർ : ഒരു അനൗദ്യോഗിക ബിൽ പ്രിന്റ് ചെയ്ത് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിന് മുമ്പ് ശ്രീ. വി.റ്റി.ബൽറാം

എം.എൽ.എ. സോഷ്യൽ നെറ്റ്വർക്ക് സൈറ്റിൽ പ്രസിദ്ധീകരിച്ചതിനെക്കുറിച്ച് മാർച്ച് 5-ന് ചെയർ നൽകിയ റൂളിംഗിനെതിരെ ഒരു പരാമർശം ബഹുമാനപ്പെട്ട അംഗം അന്നേ ദിവസം തന്റെ പ്രസംഗ മദ്ധ്യേ നടത്തിയതായും ഇത് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിൽതന്നെ ചെയറിന്റെ റൂളിംഗിനെ വിമർശിക്കുന്ന സാഹചര്യം ഉണ്ടാക്കുകയും ചെയ്തത് സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് ശ്രീ. വി.എസ്.സുനിൽ കുമാർ 06-03-2012-ൽ ഒരു കത്തിലൂടെ അഭ്യർത്ഥിച്ചതനുസരിച്ച് പ്രൊസീഡിംഗ്സ് പരിശോധിച്ചപ്പോൾ മാർച്ച് 5-ാം തീയതി ചെയർ സഭയിൽ നൽകിയ റൂളിംഗിനെതിരെ ശ്രീ. വി.റ്റി. ബൽറാം തന്റെ പ്രസംഗത്തിൽ പരാമർശം നടത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. സാങ്കേതിക വിദ്യയുടെ ഉപയോഗത്തെയോ, സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾക്കോ ചെയർ ഒരുതരത്തിലും എതിരല്ല. ശ്രീ. വി. റ്റി. ബൽറാം അവതരണാനുമതി തേടിക്കൊണ്ട് നൽകിയിട്ടുള്ള ബിൽ പ്രിന്റ് ചെയ്ത് അംഗങ്ങൾക്ക് വിതരണം ചെയ്യുകയോ അവതരണാനുമതിക്കുള്ള പ്രമേയം സഭ മുമ്പാകെ വരികയോ ചെയ്യുന്നതിന് മുമ്പ് സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളിൽ നിന്നും അഭിപ്രായം ആരായുകയും ചെയ്തത് നിയമസഭാ നടപടിക്രമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായതിനാലാണ് ചെയർ അക്കാര്യം സംബന്ധിച്ച് റൂളിംഗ് നൽകിയത്. നിയമസഭാ സാമാജികരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റേയും സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിന്റെയും ഭാഗമായിട്ടാണ് റൂളിംഗ് നൽകിയത്. നിയമസഭാ നടപടിക്രമങ്ങൾക്കും. ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിരുദ്ധമായ ഒരു നടപടി അംഗീകരിക്കാനാവില്ല. നിയമസഭാ സാമാജികരുടെ അവകാശങ്ങളെ ഹനിക്കുന്ന നടപടികളെയോ ഒരു വിധ

ത്തിലും അനുകൂലിക്കുവാൻ സാധ്യമല്ല. സഭയെക്കുറിച്ചും സഭാനടപടികളെക്കുറിച്ചും ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ഉണ്ടാകുന്ന വിധത്തിൽ സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിൽ ചർച്ചകൾ നടത്തുന്നത് ആശാസ്യമല്ല. ബഹുമാനപ്പെട്ട അംഗം റൂളിംഗിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുമെന്ന് ചെയർ പ്രത്യാശിക്കുന്നു.

ക്രമപ്രശ്നം

## പ്രത്യേക നിയമസഭാസമിതി റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂൾ 200(2) പ്രകാരം ഒരു കമ്മിറ്റി മുമ്പാകെ നൽകപ്പെട്ട തെളിവ് മേശപ്പുറത്തുവയ്ക്കുന്നതുവരെ കമ്മിറ്റിയിലെ ഏതെങ്കിലും അംഗമോ മറ്റേതെങ്കിലും വ്യക്തിയോ അത് പ്രസിദ്ധീകരിക്കാൻ പാടില്ല. ഇവിടെ റൂൾ 204 അനുസരിച്ചാണ് പ്രത്യേക നിയമസഭാ സമിതി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നത്. ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥ് എം.എൽ.എ. ഉന്നയിച്ചിട്ടുള്ള ആക്ഷേപം സംബന്ധിച്ച് പരിശോധിക്കാനാണ് ഈ കമ്മിറ്റി രൂപീകരിച്ചത്. 1987-ലുണ്ടായ ഒരു നടപടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്പോൾ ഈ കമ്മിറ്റിയിലെ അംഗങ്ങൾക്ക് വ്യത്യസ്ത അഭിപ്രായം ഉണ്ടായാൽ അത് രേഖപ്പെടുത്താൻ അനുവദിക്കുകയില്ല എന്നൊരു നിലപാട് കമ്മിറ്റിയുടെ ചെയർമാൻ എടുത്തതായി മനസ്സിലാക്കുന്നു. 1987-ൽ വർക്കല രാധാകൃഷ്ണൻ സ്പീക്കർ ആയിരുന്നപ്പോൾ നൽകിയ ഒരു റൂളിംഗിനുശേഷം ഇത്തരത്തിലുള്ള വ്യത്യസ്ത അഭിപ്രായം ഒരു കമ്മിറ്റിയിലുണ്ടായാൽ അത് പ്രകടിപ്പിക്കണം എന്നുള്ളതാണ് നടപടിക്രമം. പ്രതിപക്ഷാംഗങ്ങൾക്ക് ഡിസന്റ് എഴുതാനുള്ള അവകാശം കൊടുക്കണം. ഇതിനു മുമ്പ് പല നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകളിലും ഡിസന്റ് എഴുതാനുള്ള അവ

സരം കൊടുത്തിട്ടുണ്ട്. പ്രിവിലേജ് കമ്മിറ്റിയിൽ മുമ്പ് ബഹുമാനപ്പെട്ട ചെയർ അംഗമായിരുന്നപ്പോൾ എഴുതിക്കൊടുത്ത ഡിസന്റ് നോട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എ.സി., പി.യു.സി., എസ്റ്റിമേറ്റ്സ് കമ്മിറ്റി തുടങ്ങിയവയ്ക്ക് ഡിസന്റിംഗ് വേണ്ട എന്ന പൊതുധാരണയുണ്ട്. സബ്ജക്ട് കമ്മിറ്റികൾക്കും ബാക്കി എല്ലാ കമ്മിറ്റികൾക്കും ഇത് ബാധകമല്ല. ഇത് സംബന്ധിച്ച് നിയമസഭയിലും ചർച്ച ചെയ്യാൻ അവകാശമുണ്ട്. പ്രതിപക്ഷ മെമ്പർമാരുടെ ഡിസന്റിംഗ് നോട്ട് ഇല്ലാത്ത ഒരു റിപ്പോർട്ടാണ് ചെയർമാൻ ശ്രീ. വി.ഡി. സതീശൻ സഭയിൽ അവതരിപ്പിക്കാൻ പോകുന്നത്. ഒരു വിഭാഗം മെമ്പർമാരുടെ അഭിപ്രായം ഉൾപ്പെടുത്താതെ സമർപ്പിക്കുന്ന റിപ്പോർട്ട് അപൂർണ്ണമാണ്. അത്തരം ഒരു റിപ്പോർട്ട് സഭയിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ചെയർ അനുമതി കൊടുക്കരുത്. നാല് മെമ്പർമാർ നൽകിയിട്ടുള്ള ഡിസന്റിംഗ് നോട്ടിൽ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണം. ഭാവിയിൽ രൂപീകരിക്കപ്പെടുന്ന കമ്മിറ്റികൾക്കുകൂടി മാർഗ്ഗദർശകമായ ഒരു നടപടി ഈ പ്രശ്നത്തിൽ സ്വീകരിക്കണം.

<u>ശ്രീ. എ.കെ. ബാലൻ:</u> ശ്രീ. വി.ഡി. സതീശൻ അദ്ധ്യക്ഷനായ പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ ഉള്ളടക്കം പത്രങ്ങളിൽ വന്നിട്ടുണ്ടെങ്കിൽ അത് സ്പീക്കറോടും സഭയോടും കാണിച്ചിട്ടുള്ള അനാദരവാണ്. അതുകൊണ്ട് ആ റിപ്പോർട്ട് സഭയിൽ വയ്ക്കാൻ അനുവദിക്കരുത്.

<u>ശ്രീ. വി.ഡി. സതീശൻ:</u> റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുമുൻപ് രണ്ട് തടസ്സവാദങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളുടെ വിയോജനക്കുറിപ്പ് മിനിറ്റ്സിലും അന്തിമ റിപ്പോർട്ടിലും രേഖപ്പെടുത്തിയിട്ടുണ്ട്. ജോയിന്റ് അസംബ്ലി കമ്മിറ്റിയുമായി ബന്ധപ്പെട്ട് അന്ന് സ്പീക്കറായിരുന്ന വർക്കല രാധാകൃഷ്ണൻ നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിലാണ് ഈ

സമിതി ഇങ്ങനെ ഒരു തീരുമാനം എടുത്തത്. അതനുസരിച്ച് ഫൈനൽ റിപ്പോർട്ടിനോടൊപ്പം നോട്ട് ഓഫ് ഡിസന്റ് വയ്ക്കുന്ന പ്രീസിഡന്റ് ഇല്ല. ഇതൊരു വസ്തുതാന്വേഷണ കമ്മിറ്റിയാണ്. സമിതി എത്തിച്ചേർന്ന നിഗമന ങ്ങൾ സഭയിൽ വയ്ക്കുമ്പോൾ സഭയ്ക്ക് അത് ചർച്ച ചെയ്യാം. പക്ഷേ ആ നിഗമനങ്ങൾ മാറ്റാനുള്ള അധികാരം സഭയ്ക്കില്ല. സബ്ജക്ട് കമ്മിറ്റിക്കും സെലക്ട് കമ്മിറ്റിക്കും നോട്ട് ഓഫ് ഡിസന്റ് കൊടുക്കാമെന്ന് റൂൾ 234-ൽ പറയുന്നുണ്ട്. ആ പ്രോസസ് ഈ സഭാസമിതി പൂർത്തിയാക്കിക്കഴിഞ്ഞു. വീണ്ടും സഭയിൽ വോട്ടിന് ഇടാനുള്ള അധികാരമില്ല. നിയമസഭാ സമിതി യുടെ ഭാഗത്തുനിന്ന് റിപ്പോർട്ട് ചോർന്നു എന്ന ആരോപണം അടിസ്ഥാന രഹിതമാണ്. കമ്മിറ്റി 14 സിറ്റിംഗുകൾ നടത്തി. ഇതിനിടയിൽ വന്നിട്ടുള്ള പത്രവാർത്തകൾക്കൊന്നും സമിതിക്ക് യാതൊരു ഉത്തരവാദിത്തവുമില്ല. കമ്മിറ്റിക്കെതിരായി സ്പീക്കർക്ക് കൊടുത്ത അതേ കത്ത് മാധ്യമങ്ങൾക്കും കൊടുത്തത് ബ്രീച്ച് ഓഫ് പ്രിവിലേജാണ്; സഭാസമിതിയെ അവഹേളി ക്കലാണ്. സഭയുടെ പവിത്രതയും ഡെക്കോറവും കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്വം ഓരോരുത്തർക്കുമുണ്ട്. കമ്മിറ്റിയുടെ കാര്യങ്ങൾ ആദ്യം പുറത്ത് പറഞ്ഞത് തെളിവെടുപ്പിന് വന്ന മുൻ ഐ.ടി. സെക്രട്ടറിയാണ്. അത് സംബന്ധിച്ച് റൂൾ 202 അനുസരിച്ച് ബഹു: സ്പീക്കർക്ക് പരാതി നൽകിയി ട്ടുണ്ട്. ശ്രീ. വി. എ. അരുൺകുമാറിന്റെ മൂന്ന് കത്തുകൾ സമിതിക്ക് കിട്ടുന്ന തിനുമുൻപു തന്നെ പ്രസിദ്ധീകരിക്കപ്പെട്ടതും ഗുരുതരമായ തെറ്റാണ്. സമിതിയുടെ ഫൈനൽ റിപ്പോർട്ടിൽ നാല് അംഗങ്ങളുടെ വിയോജനക്കുറിപ്പ് ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണിച്ച് സ്പീക്കർക്ക് നൽകിയ കത്തും അതേ രൂപത്തിൽ മാധ്യമങ്ങളിൽ വന്നതും ബ്രീച്ച് ഓഫ് പ്രിവിലേജാണ്. വാർത്ത

കൾ പുറത്തുവരുന്നതിൽ സമിതിക്ക് യാതൊരുവിധത്തിലുള്ള ഉത്തരവാദിത്തവുമില്ല. സഭയുടെ മാന്യത കാത്തുസൂക്ഷിച്ചുകൊണ്ടും തികച്ചും മാതൃകാപരമായിട്ടുമാണ് ഈ കമ്മിറ്റി പ്രവർത്തിച്ചിട്ടുള്ളത്.

ശ്രീ. എസ്. ശർമ്മ : പ്രത്യേക നിയമസഭാ സമിതി ചെയർമാൻ ഇവിടെ ഉന്നയിച്ചതും റിപ്പോർട്ടിലുടനീളം ഉൾക്കൊള്ളിച്ചിട്ടുള്ളതും പരസ്പര വിരുദ്ധവും സത്യസന്ധവുമല്ലാത്ത കാര്യങ്ങളാണ്. ബോഫോഴ്സ് കേസ്സുമായി ബന്ധപ്പെട്ട് പാർലമെന്റിൽ ഒരംഗത്തിന് ഡിസന്റ് രേഖപ്പെടുത്താൻ നിർദ്ദേശം കൊടുക്കുന്നത് 1988 ഏപ്രിൽ 25-നാണ്. 1987 ഡിസംബർ 7-ന് ഈ നിയമസഭയിൽ 1988-ലെ റൂളിംഗ് കൺസിഡർ ചെയ്തുവെന്ന് പറയുന്നത് ശരിയല്ല. അന്ന് നിയമസഭയിൽ ഡിസന്റ് രേഖപ്പെടുത്താൻ മുന്നോട്ടുവന്ന അംഗങ്ങളുടെ ശക്തമായ റിസർവ്വേഷൻ രേഖപ്പെടുത്തണമെന്നാണ് അന്നത്തെ സ്പീക്കർ റൂളിംഗ് നൽകിയത്. ഡിസന്റും റിസർവ്വേഷനും തമ്മിൽ വ്യത്യാസമുണ്ട്. ടോട്ടലി ഡിഫറന്റായ ഡിസന്റാണ് ഇവിടെ പ്രതിപക്ഷം ആവശ്യപ്പെടുന്നത്. അത് രേഖപ്പെടുത്താൻ പാടില്ലെന്ന വാദം ശരിയല്ല. മൂല്യങ്ങൾ കാത്തുസൂക്ഷിക്കണമെന്ന ആഗ്രഹത്തോടെ ആരോപണ വിധേയനായ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആവശ്യാനുസരണം കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കമ്മിറ്റി റിപ്പോർട്ടിന്റെ ഉള്ളടക്കം മനസ്സിലാക്കി പ്രതിപക്ഷ നേതാവ് രാജിവയ്ക്കണമെന്ന് നിയമവകുപ്പുമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത് തികച്ചും രാഷ്ട്രീയപ്രേരിതമാണ്. പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ വ്യത്യസ്ത അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള അവകാശം സംരക്ഷിക്കാനും ഉറപ്പുവരുത്താനും പ്രതിപക്ഷാംഗങ്ങൾക്കുള്ള ഡിസന്റ് റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്താനും നടപടിയുണ്ടാകണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സമിതി അംഗങ്ങളുടെ ഡിസന്റ് കമ്മിറ്റി റിപ്പോർട്ടിന്റെ ഭാഗമായി അപ്പെൻഡ് ചെയ്യേണ്ടതില്ലെന്നാണ് ജനറൽ റൂളിൽ പറയുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 1987-ൽ മുൻസ്പീക്കർ വർക്കല രാധാകൃഷ്ണൻ റൂളിംഗ് നൽകിയത്. പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ സമിതിയിലെ പ്രതിപക്ഷാംഗങ്ങളുടെ ഡിസന്റ് നോട്ട് ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന് നിയമത്തിന്റെയോ കീഴ്വഴക്കങ്ങളുടെയോ പിൻബലമില്ല.

<u>ശ്രീ. പി.കെ. ഗുരുദാസൻ</u> : പ്രത്യേക നിയമസഭാ സമിതി കരട് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനായി കൂടിയ യോഗത്തിൽ നാലംഗങ്ങൾ നൽകിയ ഡിസന്റ് നോട്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന പ്രശ്നമില്ലെന്ന് കമ്മിറ്റി ചെയർമാൻ പറഞ്ഞത് മുൻവിധിയോടെയായിരുന്നു. അതിനാൽ പ്രതിപക്ഷാംഗങ്ങളുടെ ഡിസന്റ് നോട്ടുകൂടി ഉൾപ്പെടുത്തി റിപ്പോർട്ട് ഫൈനലൈസ് ചെയ്യണം.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : സബ്ജക്ട് കമ്മിറ്റിയിലും സെലക്ട് കമ്മിറ്റിയിലും മാത്രമാണ് ഡിസന്റ് രേഖപ്പെടുത്താൻ റൂൾസ് ഓഫ് പ്രൊസീഡ്യൂറിൽ വ്യവസ്ഥയുള്ളത്. അതനുസരിച്ചാണ് സഭയിൽ മുമ്പ് വന്നിട്ടുള്ള സമാനമായ കേസ്സിൽ അന്നത്തെ സ്പീക്കർ റൂളിംഗ് നൽകിയിട്ടുള്ളത്. അതിനാൽ ഈ കേസ്സിൽ യാതൊരു കാരണവശാലും ഡിസന്റ് നോട്ട് ചേർക്കാൻ പാടില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : നിയമസഭാ സമിതിയിൽ ഭരണ-പ്രതിപക്ഷാംഗങ്ങൾക്ക് തുല്യ അവകാശമാണുള്ളത്. ജനാധിപത്യ സംവിധാനമനുസരിച്ച് രൂപീകരിക്കപ്പെട്ട പ്രത്യേക നിയമസഭാ കമ്മിറ്റിയുടെ സത്യസന്ധ

മായ അഭിപ്രായം പുറത്തറിയണമെങ്കിൽ സമിതിയിലെ പ്രതിപക്ഷാംഗങ്ങളായ നാലുപേരുടെ ഡിസന്റ്കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കണം.

ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : പരസ്പര വിരുദ്ധമായ വാദഗതികളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ ചട്ടങ്ങൾ പ്രത്യേക നിയമസഭാ സമിതിയുടെ കാര്യത്തിൽ ബാധകമല്ല. 1987-ൽ നടത്തിയ റൂളിംഗ് പുന:പരിശോധിക്കണമെന്ന പ്രതിപക്ഷ ആവശ്യം നിലനിൽക്കത്തക്കതല്ല. നിയമസഭാ നടപടി ചട്ടങ്ങളിൽ പ്രത്യേക കമ്മിറ്റിയെക്കുറിച്ച് പരാമർശിക്കാത്ത സാഹചര്യത്തിൽ ഇവിടെ 1987-ലെ റൂളിംഗ് പ്രസക്തമായതിനാൽ ഈ വിഷയത്തിൽ പുതിയ കീഴ്വഴക്കമുണ്ടാക്കേണ്ട സാഹചര്യമില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ഒരു സമിതിയംഗമെന്ന നിലയിൽ സൂക്ഷ്മതയും കൃത്യതയും പാലിക്കാൻ ശ്രമിച്ചിട്ടുണ്ട്. സമിതിയുടെ അന്വേഷണ പരിധിയിൽ വരുന്ന ഏതെങ്കിലും കാര്യം പൊതുയോഗങ്ങളിലോ വാർത്താ മാധ്യമങ്ങളോടോ പങ്കുവച്ചിട്ടില്ല. എനിക്കെതിരെ അടിസ്ഥാനപരമല്ലാത്ത ആരോപണം ഇവിടെ ഉണ്ടായത് ഖേദകരമാണ്.

ശ്രീ. സി. കെ. നാണു : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണളെക്കുറിച്ച് പ്രത്യേക നിയമസഭാ സമിതി അന്വേഷിക്കണമെന്ന അദ്ദേഹത്തിന്റേതന്നെ ആവശ്യപ്രകാരം രൂപീകരിച്ച സമിതിയുടെ പ്രവർത്തനം പ്രതീക്ഷിച്ച നിലവാരത്തിലേക്ക് ഉയർന്നില്ല.

സമിതിയിലെ പ്രതിപക്ഷാംഗങ്ങളുടെ ഡിസന്റുകൂടി ഉൾപ്പെടുത്തി റിപ്പോർട്ട് അംഗീകരിക്കണം.

## റൂളിംഗ്

### പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് ചേർക്കാൻ അനുവദിക്കാതിരുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഓരോരുത്തരും അവരവരുടെ നിലപാടുകൾ ക്ലാരിഫൈ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്തിമതീരുമാനം എടുക്കേണ്ടത് ചെയറാണ്. ശ്രീ. എ. കെ. ബാലനും ശ്രീ. കോടിയേരി ബാലകൃഷ്ണനും സമിതി റിപ്പോർട്ട് ചോർന്നതുമായി ബന്ധപ്പെട്ടും സമിതിയിലെ നാല് പ്രതിപക്ഷാംഗങ്ങൾ റിപ്പോർട്ടിന്റെ ഭാഗമായി വിയോജനക്കുറിപ്പ് ചേർക്കണമെന്ന് ആവശ്യപ്പെട്ടും കത്ത് നൽകിയിട്ടുണ്ട്. നിയമസഭയിലെ കീഴ്വഴക്കമനുസരിച്ച് ബില്ലിന്റെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി/സെലക്ട് കമ്മിറ്റി റിപ്പോർട്ടുകളിൽ മാത്രമാണ് വിയോജനക്കുറിപ്പുകൾ ചേർത്തിട്ടുള്ളത്. പത്താം കേരള നിയമസഭയുടെ കാലയളവിൽ സമർപ്പിച്ച പ്രിവിലേജസ് കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ വിയോജനക്കുറിപ്പ് രണ്ട് അംഗങ്ങൾ രേഖപ്പെടുത്തിയത് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചതായി കാണുന്നു. ചട്ടം 251 (3) പ്രകാരം പ്രിവിലേജസ് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് ചേർക്കുന്നതിൽ അപാകതയില്ല. എട്ടാം കേരള നിയമസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കെ. ചന്ദ്രശേഖരന് എതിരെയുള്ള ആരോപണങ്ങൾ പ്രത്യേക നിയമസഭാ സമിതി അന്വേഷിച്ചതുമാത്രമാണ് കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് 1987, ഡിസംബർ 4-ാം തീയതി സഭയിൽ സമർപ്പിക്കുകയും വിയോജനക്കുറിപ്പ് ചേർക്കണമെന്ന ആവശ്യം

അന്ന് സമിതി ചെയർമാൻ നിരാകരിക്കുകയും ചില അംഗങ്ങൾക്ക് വിയോജിപ്പുള്ളതായി മാത്രം റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ചെയ്തു. അതു സംബന്ധിച്ച് ക്രമപ്രശ്നം സഭയിൽ ഉന്നയിക്കുകയും 1987 ഡിസംബർ 7-ാം തീയതി അന്നത്തെ സ്പീക്കർ നൽകിയ റൂളിംഗിൽ, റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് ചേർക്കാത്തതിനെ ന്യായീകരിച്ചതായി കാണുന്നുമുണ്ട്. നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം (187) പ്രകാരം ഒരു കമ്മിറ്റിയിലെ ഏത് യോഗത്തിലെയും എല്ലാ പ്രശ്നങ്ങളും അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുകളിലൂടെ തീരുമാനിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ കാര്യത്തിലും ഭൂരിപക്ഷ തീരുമാന പ്രകാരമാണ് വിയോജനക്കുറിപ്പ് റിപ്പോർട്ടിൽ ചേർക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ ഈ റിപ്പോർട്ടിലും വിയോജനക്കുറിപ്പ് ചേർക്കാത്ത നടപടി ന്യായീകരിക്കാവുന്നതും സഭയിലെ കീഴ്വഴക്കങ്ങളുടെ പിൻബലമുള്ളതിനാൽ പ്രസ്തുത നടപടി ശരിയായ ഒന്നാണെന്നും ചെയർ റൂൾ ചെയ്യുന്നു.

## നിയമസഭാ സമിതി റിപ്പോർട്ട് ചോർന്നുവെന്ന ആരോപണത്തെ കുറിച്ചുള്ള റൂളിംഗ്

മി. സ്പീക്കർ: പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് തീരുമാനങ്ങൾ പത്രങ്ങളിൽ ചോർത്തി കൊടുത്തിരിക്കുന്ന സാഹചര്യം ഉണ്ടായതായി ശ്രീ. എ. കെ. ബാലനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ചെയറിന് പരാതി നൽകിയിരുന്നു. സമിതിയുടെ പ്രവർത്തനം ആരംഭിച്ചതുമുതൽ സമിതി മുമ്പാകെ നല്കിയ തെളിവുകൾ മാധ്യമങ്ങളിൽ വന്നത് ആവർത്തിക്കാതിരിക്കാനായി ബന്ധ

പ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമിതിയിലെ നാല് അംഗങ്ങൾ 24-09-2011-ൽ ചെയറിന് കത്ത് നല്കിയിരുന്നു. നിയമസഭാ സമിതിയുടെ യോഗങ്ങൾ സ്വകാര്യമായി നടത്തണമെന്നും സമിതി മുമ്പാകെ നല്കപ്പെട്ട തെളിവുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതുവരെ സമിതിയിലെ ഏതെങ്കിലും ഒരംഗമോ മറ്റേതെങ്കിലും വ്യക്തിയോ പ്രസിദ്ധീകരിക്കുവാൻ പാടില്ലെന്നുമുള്ള കർശന മായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കുകയും ഈ ചട്ടങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ സമിതി ചെയർമാന് കത്ത് മുഖാന്തിരം നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 02-03-2012-ൽ സമിതിയുടെ യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ പല ചാനലുക ളിലും സമിതിയുടെ തീരുമാനം എന്ന വിധത്തിൽ വാർത്തകൾ വന്നത് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. മാർച്ച് 3-ാം തീയതിയിലെ മിക്കവാറും എല്ലാ മാധ്യമങ്ങളിലും സമിതി എത്തിച്ചേർന്ന നിഗമനം എന്ന രീതിയിലുള്ള റിപ്പോർട്ടും വന്നിരുന്നു. മാധ്യമങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ടുകളുടെ നിജസ്ഥിതി റിപ്പോർട്ട് സഭയിൽ സമർപ്പിക്കാത്തിടത്തോളം കാലം ഉറപ്പാക്കാൻ കഴിയില്ല. നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സഭ മുമ്പാകെ സമർപ്പിക്കുന്നതിന് മുമ്പ് ചോർത്തി പ്രസിദ്ധീകരിക്കുന്നത് സഭ യുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനവും സഭയോടുള്ള അവഹേളന വുമാണ്. പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ എന്നറിയാൻ റിപ്പോർട്ട് സമർപ്പണത്തിന് ശേഷം നോട്ടീസ് നല്കിയാൽ അക്കാര്യം പരിശോധിക്കുന്നതാണ്. ശ്രീ.കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച പരാതിയിൽ പറഞ്ഞിരിക്കുന്ന റിപ്പോർട്ട് ഒരു മാധ്യമ പ്രവർത്തകന്റെ

സൂക്ഷ്മനിരീക്ഷണത്തിന്റെ ഭാഗമായിട്ടുള്ള ഒരു റിപ്പോർട്ട് മാത്രമാണ്. മാർച്ച് 6-ാം തീയതി രാവിലെ 8.46-നാണ് ഓൺലൈൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതുസംബന്ധിച്ച തീരുമാനം സമിതി കൈക്കൊണ്ടത് അന്ന് വൈകുന്നേരം ചേർന്ന യോഗത്തിൽ മാത്രമാണ്. ഇതിൽനിന്നുതന്നെ ഈ റിപ്പോർട്ട് ലേഖകന്റെ സൂക്ഷ്മനിരീക്ഷണത്തിന്റെ ഭാഗമാണ് എന്ന് വ്യക്തമാണ്. സഭയിൽ ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നങ്ങൾ നിലനിൽക്കത്തക്കതല്ല.

**റിപ്പോർട്ട് സമർപ്പണം**

പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ശ്രീ. വി. ഡി. സതീശൻ : 2011 ജൂലൈ 20-ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രത്യേക നിയമസഭാ സമിതി രൂപീകരിക്കുകയും ആഗസ്റ്റ് 10-ന് സമിതിയുടെ ആദ്യ യോഗം ചേർന്ന് അന്വേഷണ വിഷയങ്ങൾ തീരുമാനിക്കുകയും ചെയ്തു. ഈ കാലയളവിൽ 14 യോഗങ്ങൾ ചേരുകയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ശ്രീ. എം. എ. ബേബി, ശ്രീ. പി. സി. വിഷ്ണുനാഥ് തുടങ്ങി 17 പേരിൽനിന്നും തെളിവെടുപ്പ് നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 1100-ലധികം വരുന്ന മൊഴിപകർപ്പുകൾ, നാലായിരത്തോളം പേജുകൾ വരുന്ന സർക്കാർ/ഐ.എച്ച്.ആർ.ഡി. ഫയലുകൾ എന്നിവ സമിതി പരിശോധിക്കുകയും ചെയ്തശേഷമാണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഈ സമിതിയുമായി സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ : കേരള നിയമസഭാംഗങ്ങളുടെ പെരുമാറ്റചട്ടത്തിന്റെ ചട്ടം 6(എ) അനുസരിച്ച് ശ്രീ. വി. ഡി. സതീശൻ ചെയർമാനായ പ്രത്യേക

നിയമസഭാ സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിലേക്കുള്ള വിയോജനക്കുറിപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി അനുവദിക്കണമെന്ന് സമിതി അംഗങ്ങളായ സർവ്വശ്രീ. പി. കെ. ഗുരുദാസൻ, എസ്. ശർമ്മ, മുല്ലക്കര രത്നാകരൻ, സി. കെ. നാണു എന്നിവരുടെ അഭ്യർത്ഥന ചെയർ പരിശോധിക്കുകയും ചട്ടപ്രകാരം വിയോജനക്കുറിപ്പ് മേശപ്പുറത്ത് വയ്ക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്നു.

ശ്രീ. വി. ഡി. സതീശൻ അദ്ധ്യക്ഷനായ പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്മേലുള്ള വിയോജനക്കുറിപ്പ് മേശപ്പുറത്ത് വച്ചു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ.കെ ബാലൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ദേശീയ പ്രശ്നങ്ങളെ പാടെ അവഗണിച്ചതും രാഷ്ട്രം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് പരാമർശിക്കാത്തതും ഖേദകരമാണ്. കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയം സൃഷ്ടിച്ച വിലക്കയറ്റം നിയന്ത്രിക്കാനുള്ള അധികാരം ഗവൺമെന്റിന് വേണ്ടെന്ന് പറയുന്നതുവഴി പാർലമെന്ററി വ്യവസ്ഥയോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുകയും ദുർബ്ബലമാകുകയും ചെയ്യും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമന നിരോധനമടക്കം ജീവനക്കാരോട് കാണിച്ച സമീപനം പ്രതിഷേധാർഹമാണ്. കർഷക ആത്മഹത്യ വർദ്ധിക്കുകയും വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്തിരുന്ന കാലഘട്ടമായിരുന്നു. കേരളം വർഗ്ഗീയ കലാപത്തിന്റെ കേന്ദ്രമായി മാറുകയായിരുന്ന അവസ്ഥയ്ക്ക് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ മാറ്റമുണ്ടാ

വുകയും ആഗോളീകരണ നയത്തിനെതിരെ ബദൽ നയം ഉയർത്തി കേരളത്തെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്ന് തെളിയിക്കുകയും ചെയ്തു. ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റിന് ഒരു പ്രശ്നവും പരിഹരിക്കാൻ കഴിയുന്നില്ല. പരസ്യങ്ങളിലൂടെ ജനങ്ങളുടെ മനസ്സുകളിൽ ഇടം നേടാനുള്ള ശ്രമമാണ് നടത്തുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരം 42 ദിവസത്തെ തൊഴിൽ നൽകാനേ സാധിച്ചിട്ടുള്ളൂ എന്നും പി.എം.ജി.എസ്.വൈ. സ്ക്കീമിൽ 60 ശതമാനം മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂവെന്നും നയപ്രഖ്യാപന പ്രസംഗത്തിൽത്തന്നെ സമ്മതിക്കുന്നുണ്ട്. രാജീവ്ഗാന്ധി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. പ്ലാൻ ഫണ്ടിന്റെ 48 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. ഭക്ഷ്യ സബ്സിഡി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി ചെലവഴിച്ച തുക 67 ശതമാനമായി കുറഞ്ഞിരിക്കുന്നു. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും നിലനിറുത്താൻ സർക്കാരിന് കഴിയണം. മുല്ലപ്പെരിയാർ പ്രശ്നവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റ് കേരളത്തിന്റെ വാദത്തിനെതിരാണെന്നത് ദു:ഖകരമാണ്.

<u>ശ്രീ. എം.എ. വാഹീദ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പിറവം ജനവിധി യു.ഡി.എഫ്. സർക്കാരിന്റെ 9 മാസത്തെ ഭരണത്തിന്റെ വിലയിരുത്തലായിരിക്കും. ഫലപ്രദമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ ലക്ഷ്യബോധത്തോടെയുള്ള നയമാണ് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ

പറഞ്ഞിട്ടുള്ളത്. തൊഴിൽരഹിതരുടെ എണ്ണം കുറയ്ക്കുക, സാമ്പത്തിക നില മെച്ചപ്പെടുത്തുക, കുടുംബ വരുമാനം വർദ്ധിപ്പിക്കുക, ആരോഗ്യ രംഗത്തെ ജനകീയവൽക്കരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കാണ് നയപ്രഖ്യാപനത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം എന്ന ഉദ്ദേശത്തോടെയാണ് വിഷൻ 2030-ന് രൂപം കൊടുക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ലക്ഷ്യബോധമുള്ള സർക്കാരിന്റെ കർമ്മശേഷി തെളിയിക്കുന്ന നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് എന്നത് അഭിനന്ദനാർഹമാണ്.

ശ്രീമതി ഇ.എസ്. ബിജിമോൾ: നന്ദിപ്രമേയത്തെ എതിർക്കുന്നു. പൊതുജനസമ്പർക്ക പരിപാടിയുടെ പേരിൽ കോടിക്കണക്കിന് രൂപയുടെ ധൂർത്താണ് യു.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ മുഖ്യമന്ത്രി ഇടപെടണം. തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ആ മേഖലയിൽ ആഹ്വാനം ചെയ്തിരിക്കുന്ന പണിമുടക്ക് ഒഴിവാക്കാൻ സാഹചര്യമുണ്ടാക്കണം. ഇടുക്കി പാക്കേജ് അടിയന്തരമായി നടപ്പിലാക്കണം. കാർഷിക കടാശ്വാസ കമ്മീഷൻ എഴുതിത്തള്ളിയ തുക പോലും തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് കൃഷിക്കാർക്ക് ജപ്തിനോട്ടീസ് നൽകിയിരിക്കുകയാണ്. ഏതെങ്കിലും പ്രാദേശിക കേന്ദ്രങ്ങളിൽ മാത്രമായി വികസനം ചുരുങ്ങുന്നുണ്ടോ എന്നത് പരിശോധനാവിധേയമാക്കണം.

ശ്രീ. സി. മോയിൻകുട്ടി നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനസമ്പർക്ക പരിപാടിയിലൂടെ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാനും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും

കർമ്മനിരതരാക്കാനും കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. "നൂറ് ദിന" പരിപാടി നടപ്പിലാക്കാനും ഒരു ടീം സ്പിരിറ്റോടുകൂടി പ്രവർത്തിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. റെയിൽവേ കോച്ച് ഫാക്ടറി, സ്മാർട്ട് സിറ്റി, മെട്രോ റെയിൽ എന്നീ വൻകിട പദ്ധതികളും നാല് പുതിയ മെഡിക്കൽ കോളേജുകളും ആരംഭിക്കാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. ഗ്രാമ സ്വരാജ് യാഥാർത്ഥ്യമാക്കാനും കേരളത്തെ ആഗോള ബിസിനസ്സ് ഹബ്ബായി മാറ്റാനും തൊഴിലാളി - മുതലാളി ബന്ധം ശക്തമാക്കാനും നോക്കുകൂലി അവസാനിപ്പിക്കാനും മെഡിക്കൽ ഇൻഷ്വറൻസ് സ്കീം കൊണ്ടുവരാനും പാവപ്പെട്ടവർക്ക് പട്ടയം കൊടുക്കാനും സാധിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളാണ്. കോഴിക്കോട് സൈബർ പാർക്ക് സ്ഥാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകാനും പട്ടികജാതി വിഭാഗത്തിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാനും അദ്ധ്യാപക പാക്കേജ് നടപ്പിലാക്കാനും യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനും വയനാട് ചുരം യാഥാർത്ഥ്യമാക്കാനും കഴിഞ്ഞു എന്നത് സ്വാഗതാർഹമാണ്. വയനാട് ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. നാണു:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്തെ ക്രമസമാധാനം ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളണം. കർഷക ആത്മഹത്യ അവസാനിപ്പിക്കണം. വനങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ നദികളും പുഴകളും സംരക്ഷിക്കുകയും ജലനയത്തിന് രൂപം നൽകുകയും വേണം.

മലബാർ പാക്കേജ് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകണം. കൂടുതൽ കോഴ്സുകൾ അനുവദിക്കുകയും സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്ത് സർക്കാർ കോളേജുകളെ പരിരക്ഷിക്കാൻ നടപടിയുണ്ടാകണം. മലബാർ ഭാഗത്ത് കടലോര മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ത്രിവേണി സ്റ്റോറുകൾ വഴി കൂടുതൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുകയും സബ്സിഡി പുന:സ്ഥാപിക്കുകയും ചെയ്ത് വിലക്കയറ്റം നിയന്ത്രിക്കണം. ന്യൂനപക്ഷ സമുദായങ്ങൾക്ക് ആവശ്യമായ സംരക്ഷണം നൽകണം.

ഡോ. എൻ. ജയരാജ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇച്ഛാശക്തിയോടും പ്രതിബദ്ധതയോടും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. വികസനത്തിന് മുൻതൂക്കം നൽകുന്ന സർക്കാരാണിത്. കേരള സ്വയം സംരംഭക മിഷൻ യാഥാർത്ഥ്യമാക്കാനും അതിന്റെ ആദ്യ ബാച്ചിന്റെ ട്രെയിനിംഗ് ആരംഭിക്കാനും ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ ഈ സർക്കാർ ആശ്വാസകരമായ പ്രവർത്തനങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. അന്യ സംസ്ഥാന ലോട്ടറിക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചതും കാരുണ്യ ലോട്ടറിയിലൂടെയുള്ള വരുമാനം പാവപ്പെട്ട രോഗികൾക്ക് ചികിൽസാ സഹായത്തിനായി വിനിയോഗിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. കോളേജ് അദ്ധ്യാപകരുടെ അക്കാഡമിക് നിലവാരം ഉയർത്താനും അവർക്ക് യു.ജി.സി. സ്കെയിൽ അനുവദിക്കാനും നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പഠനങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയത്തക്കവിധത്തിൽ സർവ്വകലാശാല തലത്തിൽ

നടപടി സ്വീകരിക്കണം. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ റിവ്യൂ മീറ്റിംഗ് നടത്തിയതും കോളേജുകളിലും യൂണിവേഴ്സിറ്റികളിലും നിരന്തര മൂല്യ നിർണ്ണയം നടത്തിയതും സ്വാഗതാർഹമാണ്. അസൈൻമെന്റുകളിലും സെമിനാറുകളിലും പ്രോജക്ടുകളിലും അക്കാഡമിക് ഇടപെടലുകൾ ഉണ്ടാകണം. സംസ്ഥാനത്തിനുവേണ്ടി ദീർഘകാല വികസന കാഴ്ചപ്പാടോടുകൂടിയ ഒരു പദ്ധതിയാണ് വിഷൻ 2030-ൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ശ്രീ. എം.പി. വിൻസെന്റ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നൂറു ദിന കർമ്മ പരിപാടിയിലൂടെയുള്ള പദ്ധതികളും ജനസമ്പർക്ക പരിപാടികളും അവശത അനുഭവിക്കുന്ന ജനങ്ങൾക്ക് വളരെയേറെ ആശ്വാസമേകുന്നതാണ്. സുതാര്യമായ പ്രവർത്തനങ്ങളാണ് ഈ ഗവണ്മെന്റിന്റെ മുഖമുദ്ര. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ റെയിൽ പദ്ധതി, വിഴിഞ്ഞം പോർട്ട്, കഞ്ചിക്കോട് കോച്ച് ഫാക്ടറി തുടങ്ങിയ വൻകിട പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. കേന്ദ്ര ഫണ്ടുകൾ യഥാസമയം ചെലവഴിച്ച് കർഷക പാക്കേജടക്കമുള്ള പദ്ധതികൾക്ക് ജീവൻ നൽകാൻ കഴിഞ്ഞുവെന്നത് സ്വാഗതാർഹമാണ്. വിഷൻ 2030-ലൂടെ യുവാക്കൾക്ക് ശാസ്ത്ര-സാങ്കേതിക രംഗത്ത് ഉണർവ്വേകാനുള്ള നീക്കം ശ്രദ്ധേയമാണ്. 30 വയസിനുമുകളിലുള്ള ഹൃദ്രോഗികൾക്കും പ്രമേഹരോഗികൾക്കും സൗജന്യമായി മരുന്നുനൽകാനുള്ള പദ്ധതി അഭിനന്ദനാർഹമാണ്. കാരുണ്യ ലോട്ടറിയിലൂടെയുള്ള വരുമാനം പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്ക് ഉപയോഗിക്കുന്നത് സ്വാഗതാർഹമാണ്. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറച്ചതും ടൂറിസം രംഗത്ത് നൂതന സംരംഭങ്ങൾ ആരംഭിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. എം. ഷാജി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കണ്ണൂർ എയർപോർട്ടും അഴീക്കൽ തുറമുഖവും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. കണ്ണൂരിൽ നടക്കുന്ന കലാപങ്ങൾ ആസൂത്രണം ചെയ്യുന്നവരെ കണ്ടുപിടിക്കണം. രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട അന്വേഷണങ്ങളെ നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള ഇടതുപക്ഷ വാദഗതികൾ അംഗീകരിക്കാനാവില്ല.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u> : നന്ദി പ്രമേയത്തെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമാഫിയ ശക്തിപ്പെടുകയും പാവപ്പെട്ടവന് കിട്ടിക്കൊണ്ടിരുന്ന സഹായധനം നിറുത്തലാക്കുകയുമാണുണ്ടായത്. കുടിവെള്ള പ്രശ്നത്തിൽ പൊതുടാപ്പുകൾവരെ നിറുത്തലാക്കിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി കൊണ്ടുവന്ന നെൽവയൽ സംരക്ഷണ നിയമം വ്യവസായികൾക്കും ഭൂമാഫിയകൾക്കുംവേണ്ടി അട്ടിമറിക്കപ്പെടുകയാണ്. അഴിമതി ഉന്നയിക്കുന്നവർക്കെതിരെ അഴിമതി ആരോപിക്കുന്ന നയസമീപനമാണ് സ്വീകരിക്കുന്നത്.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിയുടേയും യു.ഡി.എഫ്. കൂട്ടായ്മയുടേയും വിചാരങ്ങളും പ്രതീക്ഷകളും പ്രത്യാശയും അനാവരണം ചെയ്യുന്ന ഒരു റിപ്പോർട്ടാണ് ഈ നയപ്രഖ്യാപനപ്രസംഗം. ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലാത്ത കേരളം പടുത്തുയർത്തുന്നതിനുവേണ്ടിയുള്ള പാതയിലൂടെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, കോച്ച് ഫാക്ടറി തുടങ്ങിയവയ്ക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. വാഗ്ദാനങ്ങൾ പാലിക്കുന്ന ഗവൺമെന്റാണ് 8 മാസക്കാലമായി കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. പിറവം ഉപതെരഞ്ഞെടുപ്പ്

യു.ഡി.എഫ്.-ന് അനുകൂലമായി വരുമെന്ന കാര്യത്തിൽ യാതൊരു സംശയ വുമില്ല. പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷ നേതാവ് രാജിവയ്ക്കാനുള്ള സന്നദ്ധത കാണിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്.അച്ചുതാനന്ദൻ) : നന്ദിപ്രമേയത്തെ എതിർക്കുന്നു. അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസി നുണ്ടായിരിക്കുന്ന പരാജയത്തിന്റെ പശ്ചാത്തലത്തിൽ പിറവം തെരഞ്ഞെടു പ്പുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. സർക്കാരിന്റെ സാമ്പത്തിക/രാഷ്ട്രീയ നയ ങ്ങൾ തിരുത്തേണ്ടത് അനിവാര്യമായിരിക്കുകയാണ്. വിലക്കയറ്റം സൃഷ്ടിച്ചും രാസവളങ്ങളുടെ സബ്സിഡി വെട്ടിക്കുറച്ചും കൃഷിക്കാരെയും ജനങ്ങളെയും തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയം സംസ്ഥാന സർക്കാരും പിന്തുടരുന്നതിനാലാണ് സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വെറും തന്ത്രമാ ണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കുടിശ്ശിക വരുത്തിയ കർഷകത്തൊഴിലാളി പെൻഷൻ തുക കൊടു ത്തുതീർക്കാനും പെൻഷൻതുക 400 രൂപയായി വർദ്ധിപ്പിക്കാനും എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. ആ പെൻഷൻ ഉൾപ്പെടെ ജനങ്ങൾക്ക് കൊടുക്കേണ്ട ആശ്വാസ നടപടികളൊന്നും ഈ സർക്കാർ സ്വീകരിക്കുന്നില്ല. എൽ.ഡി.എഫ്. സർക്കാർ രണ്ട് രൂപയ്ക്ക് അരി കൊടുക്കാൻ തുടങ്ങിയപ്പോ ഴാണ് ഒരു രൂപയ്ക്ക് അരി കൊടുക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായത്. ജനങ്ങളുടെമേൽ അമിത ഭാരം കയറ്റിവയ്ക്കുന്ന തരത്തിൽ അവരെ ചൂഷണം ചെയ്യുന്ന നടപടികളാണ് യു.ഡി.എഫ്.സർക്കാർ സ്വീകരി ച്ചുവരുന്നത്. മെട്രോ റെയിൽ പദ്ധതിക്കുവേണ്ടി കഴിഞ്ഞ സർക്കാർ

യാതൊന്നും ചെയ്തില്ല എന്ന് നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത് വസ്തുതാവിരുദ്ധമാണ്. ഈ സർക്കാർ വിഴിഞ്ഞം ഹാർബർ യാഥാർത്ഥ്യമാക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. 5000-ൽപ്പരം കോടി രൂപ മുതൽമുടക്കി നിർമ്മിക്കാമെന്നേറ്റ പാലക്കാട് കോച്ച് ഫാക്ടറി ഇപ്പോൾ 500 കോടി രൂപയുടേതാക്കി ചുരുക്കിയിരിക്കുകയാണ്. സഹകരണ രംഗത്തും മറ്റ് രംഗങ്ങളിലും ജനാധിപത്യവിരുദ്ധ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്തെ ക്രമസമാധാന നിലയാകെ തകർന്നിരിക്കുകയാണ്. രണ്ട് മത്സ്യത്തൊഴിലാളികൾ മരിക്കാനിടയായ സംഭവത്തിൽ സർക്കാരിന് ശരിയായ സമീപനം സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബലക്ഷയം സംഭവിച്ച മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ ഇതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദികളുടെ സംയോജനത്തെ സംബന്ധിച്ച് വ്യക്തമായ നിലപാടെടുക്കാൻ തയ്യാറാകണം. സംസ്ഥാന ജലാശയങ്ങളെ നശിപ്പിക്കുന്ന രീതിയിലുള്ള നദീജല സംയുക്ത കരാറിൽ സംസ്ഥാനം കൂട്ടുചേരരുത്. കേരളത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. വാളകം സംഭവത്തിന്റെ അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പന്തല്ലൂർ ഭഗവതി ക്ഷേത്രംവക ഭൂമിക്ക് വർഷങ്ങളായി കൊടുക്കാനുള്ള പാട്ടത്തുക കൊടുക്കാതെ പാട്ടക്കരാർ വ്യവസ്ഥ ലംഘിച്ച് ഭൂമി വിൽപ്പന നടത്തിയവർക്കെതിരായി ഹൈക്കോടതി വിധിയുണ്ടായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നീതി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 5,000 കോടി രൂപയുടെ പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി ഇപ്പോൾ 500 കോടി രൂപയുടേതായി ചുരുക്കിയെന്ന പ്രതിപക്ഷ നേതാവിന്റെ വാദം അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1000 ഏക്കർ ഭൂമിയിൽ 5,000 കോടി രൂപയുടെ പദ്ധതിയെന്ന് പറഞ്ഞുവെങ്കിലും പിന്നീട് അത് യഥാക്രമം 429 ഏക്കർ ഭൂമിയും 1,250 കോടി രൂപയുമായി മാറ്റിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നത് പ്രോജക്ടിനുവേണ്ടി മാത്രമായിരിക്കണം എന്ന കേന്ദ്ര ഗവൺമെന്റിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ മാറ്റിയത്. ടെക്നോളജി ഡെവലപ്മെന്റിന്റെ ഫലമായി കോസ്റ്റ് കുറഞ്ഞുവെന്ന കാരണത്താൽ ഇപ്പോൾ പദ്ധതിയുടെ ചെലവ് 500 കോടി രൂപയായി ചുരുങ്ങിയിരിക്കുകയാണ്. പാലക്കാട് കോച്ച് ഫാക്ടറി പൊതുമേഖലയിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചെങ്കിലും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ബന്ധപ്പെട്ട ക്യാബിനറ്റ് നോട്ടിൽ ലീസ് റെന്റിന്റെ കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് സ്വകാര്യ മേഖലയായാലും വിരോധമില്ലെന്ന തീരുമാനമെടുക്കുകയാണുണ്ടായത്. ആ തീരുമാനത്തിൽനിന്നും ഈ ഗവൺമെന്റ് പുറകോട്ട് പോയിട്ടില്ല. ഈ പദ്ധതി പ്രാവർത്തികമാക്കണമെന്നുള്ളതുകൊണ്ട് അതിന് സഹായകരമായ രൂപത്തിൽ ലീസ് റെന്റിന് പകരം മുഴുവൻ പണവും തരാമെന്ന് സമ്മതിച്ചപ്പോൾ കഴിഞ്ഞ സർക്കാർ നിശ്ചയിച്ച വില ഈ ഗവൺമെന്റ് വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. പത്ത് വർഷം കഴിഞ്ഞാൽ റിവൈസ് ചെയ്യണമെന്ന് എൽ.ഡി.എഫ്. സർക്കാർ പറഞ്ഞിരുന്നതുകൊണ്ട് 2010 കഴിഞ്ഞപ്പോൾ ഈ ഗവണ്മെന്റിന് അതിന് സമ്മതിക്കേണ്ടിവ

ന്നു. ഇക്കാര്യത്തിൽ മുൻ ഗവൺമെന്റിന്റെ നിലപാടിനുള്ളിൽ നിന്നുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പന്തല്ലൂർ ഭഗവതി ക്ഷേത്രംവക ഭൂമി സംബന്ധിച്ച വിഷയത്തിൽ നിയമോപദേശം കിട്ടുന്നതിൽ വന്ന കാലതാമസമല്ലാതെ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. നെൽവയൽ കൺവെർട്ട് ചെയ്യുന്നത് സംബന്ധിച്ച് 2008-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരുന്ന കാര്യമാണ് ഉദ്ദേശിച്ചത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ബാങ്കുമായി നടത്തിയ ചർച്ചയിന്മേൽ എടുത്ത തീരുമാനത്തിൽ 2500 കോടി രൂപയുടെ കൺസോർഷ്യത്തിന്റെ കാര്യത്തിൽ മുൻ ഗവൺമെന്റ് യാതൊരു ധാരണയുമുണ്ടാക്കിയിട്ടില്ല. 300 കോടി രൂപയുടെ കൺസോർഷ്യത്തിന് മാത്രമാണ് ബാങ്കുകളുമായി കരാർ ഒപ്പിട്ടിട്ടുള്ളതെന്ന് മാത്രമല്ല പരിസ്ഥിതി ക്ലിയറൻസ് കിട്ടിയതിനുശേഷം മാത്രമേ ബാങ്കുകൾ ആ തുക റിലീസ് ചെയ്യുകയുമുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൽ.ഐ.സി., ഹഡ്കോ എന്നിവയുമായി നടത്തിയ പ്രാരംഭ ചർച്ചയുടെ അടിസ്ഥാനത്തിൽ 810 കോടി രൂപയുടെ ബോണ്ട് ഇഷ്യൂ ചെയ്യുന്നതിന് റേറ്റിംഗ് കഴിഞ്ഞിരിക്കുകയാണ്. മുൻ ഗവൺമെന്റ് വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട പണികളുടെ ഉദ്ഘാടനം നടത്തിയത് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെയും പരിസ്ഥിതി ക്ലിയറൻസ് ലഭിക്കാതെയുമാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി കേന്ദ്ര

പരിസ്ഥിതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും അദ്ദേഹം സ്ഥലം സന്ദർശിക്കുകയും ടേംസ് ഓഫ് റഫറൻസ് അംഗീകരിപ്പിച്ച് ലഭ്യമാക്കുകയും ചെയ്തു. ഇപ്പോൾ പരിസ്ഥിതി പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്കായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തതിന്റെ മൂന്നിരട്ടി സ്ഥലം ഈ ഗവൺമെന്റ് ഇതിനകം എടുത്തുകഴിഞ്ഞു. അവിടെ അടിസ്ഥാന സൗകര്യത്തിന്റെ ഭാഗമായി കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും സ്ഥലവാസികൾക്ക് സോഷ്യൽ റെസ്പോൺസിബിലിറ്റിയുമായി ബന്ധപ്പെട്ട് പകുതി വെള്ളം കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. റെയിൽ അലൈൻമെന്റിലുള്ള തർക്കങ്ങളെക്കുറിച്ച് ആ പ്രദേശത്തെ ജനങ്ങളുമായി ചർച്ചചെയ്ത് പരിഹാരം കാണുന്നതിനും ഊർജ്ജ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് ഇലക്ട്രിക് ലൈൻ വലിക്കുന്നതിനും പരിസ്ഥിതി പഠനം പൂർത്തിയാക്കുന്നതിനുമുള്ള ശ്രമം നടന്നുവരികയാണ്. റിവൈസ്ഡ് പ്രോജക്ട് കോസ്റ്റ് നിശ്ചയിക്കുകയും പോർട്ട് ഓപ്പറേറ്ററെ തീരുമാനിക്കാനുള്ള ആഗോള ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഗവൺമെന്റിൽനിന്നും ലഭിച്ച സിംഗിൾ ടെണ്ടറിന്മേൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗംകൂടി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പമ്പ-അച്ചൻകോവിൽ ആറിലെ വെള്ളം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് നിലനിൽക്കുന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. ഒരു സംസ്ഥാനത്ത് ഉത്ഭവിച്ച് അവിടെത്തന്നെ അവസാനിക്കുന്ന നദികളെ സംബന്ധിച്ച സമ്പൂർണ്ണ അവകാശം ആ സംസ്ഥാനത്തിനുതന്നെയായിരിക്കും.

മറ്റ് സംസ്ഥാനങ്ങൾക്ക് വെള്ളം കൊടുക്കണമെങ്കിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ കരാർ ഉണ്ടായിരിക്കണമെന്നും നിയമസഭ റെസല്യൂഷൻ വഴി പാസ്സാക്കാതെ വെള്ളം കൊടുക്കാൻ പാടില്ല എന്നുമുള്ള വ്യവസ്ഥ സംസ്ഥാന നിയമത്തിലുണ്ട്. പമ്പ-അച്ചൻകോവിലാറിനെ സംബന്ധിച്ച് അങ്ങനെയൊരു കരാറുണ്ടാക്കുകയോ കേരള നിയമസഭ റെസല്യൂഷൻ പാസ്സാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ നദീസംയോജനം സംബന്ധിച്ച സുപ്രീംകോടതി വിധി കേരളത്തിന് ബാധകമല്ല. സുപ്രീംകോടതി ജഡ്ജ്മെന്റിൽ കേരളത്തിനെതിരായ റിമാർക്കുകളില്ല. നിയമസഭ ഒറ്റക്കെട്ടായി ഒരു പ്രമേയം പാസ്സാക്കാത്തിടത്തോളം നദീസംയോജനത്തിന് വേണ്ടി പറയാൻ സുപ്രീംകോടതിക്കുപോലും അധികാരമില്ല എന്നതാണ് നിയമം. ജനപങ്കാളിത്തത്തോടുകൂടി തരിശുഭൂമി കൃഷിയോഗ്യമാക്കാനുള്ള പദ്ധതിക്ക് എ.എസ്. കൊടുത്തിട്ടുണ്ട്. പൂക്കോട് വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് 15 കോടി രൂപ വകയിരുത്തിയതിൽ ഒന്നാം ഗഡുവായ 5 കോടി രൂപയും വൈറ്റില മൊബിലിറ്റി ഹബ്ബിന് വകയിരുത്തിയ അഞ്ച് കോടി രൂപയും കൊച്ചിൻ മെട്രോയ്ക്ക് ഈ വർഷത്തെ വിഹിതമായ 52.5 കോടി രൂപയും മാലിന്യവിമുക്ത കേരളം പദ്ധതിക്ക് 52.85 കോടി രൂപയും പുതിയ മെഡിക്കൽ കോളേജുകളുടെ ഈ വർഷത്തെ പ്രാരംഭ ചെലവുകൾക്കായി 40 ലക്ഷം രൂപയും റിലീസ് ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി, മലയോര വികസന അതോറിറ്റി എന്നിവയ്ക്കാവശ്യമായ തുക നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലുടൻ റിലീസ് ചെയ്യുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : മാലിന്യ വിമുക്ത കേരളം പദ്ധതിയുടെ

നടപടി ക്രമങ്ങൾ ലഘൂകരിച്ച് ആനുകൂല്യങ്ങൾ എല്ലാവർക്കും കിട്ടത്തക്കവിധത്തിൽ നടപ്പിലാക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളും വിമർശനങ്ങളും ഒരുപോലെ സ്വീകരിക്കുകയാണ്. ഏറ്റവും മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കണമെന്നതാണ് ഗവൺമെന്റിന്റെ ആഗ്രഹം. സ്വന്തം ബാദ്ധ്യതയിൽനിന്ന് ഒഴിഞ്ഞുമാറാൻ ഈ ഗവൺമെന്റ് തയ്യാറല്ല. വിവാദങ്ങളല്ല റിസൾട്ടാണ് വേണ്ടത് എന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന് പ്രതിപക്ഷത്തിന്റെ കൂടി സഹകരണം ആവശ്യമാണ്. ജനസമ്പർക്കപരിപാടിയിൽ 14 ജില്ലകളിലും പ്രതിപക്ഷത്തിന്റെ സഹകരണം ലഭിച്ചിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലൂടെ നിരവധിപേരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മരണ സ്ഥലമെന്നത് സംസ്കരിക്കുന്ന സ്ഥലമാക്കി മാറ്റി നിലവിലുള്ള ചട്ടം ഭേദഗതി ചെയ്യുന്നതിന് ഇടയായത് ജനസമ്പർക്ക പരിപാടിയിലെ അനുഭവമാണ്. കാലോചിതമായി നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുകയുള്ളൂ. നേരിയ ഭൂരിപക്ഷമുള്ളതുകൊണ്ട് കൂടുതൽ സൂക്ഷ്മതയോടുകൂടി കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എല്ലാ മന്ത്രിമാരും അവരുടേതായ ഉത്തരവാദിത്വങ്ങൾ നല്ല നിലയിൽ നിറവേറ്റുന്നുണ്ട്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ, അതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. തമിഴ്നാടുമായിട്ടുള്ള നല്ല ബന്ധം നിലനിറുത്തിക്കൊണ്ടുതന്നെ കേരള

ത്തിന്റെ ലക്ഷ്യം നേടാനാണ് ശ്രമിക്കുന്നത്. ഇറ്റാലിയൻ കപ്പലിൽനിന്നും മൽസ്യത്തൊഴിലാളികൾ വെടിയേറ്റ് മരിച്ച സംഭവത്തിൽ മൂന്നുമണിക്കൂറിനുള്ളിൽ കപ്പൽ കൊച്ചിയിലെത്തിക്കുന്നതിന് സാധിച്ചതോടൊപ്പം പ്രതികളെ നിയമത്തിന് വിധേയരാക്കുകയും കോടതി കേരളത്തിന്റെ നിലപാട് അംഗീകരിക്കുന്ന സാഹചര്യം ഒരുക്കുകയും ചെയ്തു. ബോട്ടിൽ കപ്പലിടിച്ചുണ്ടായ ദുരന്തത്തിൽ മരിച്ച മൂന്നുപേരുടെ മൃതദേഹങ്ങൾ കിട്ടി. മറ്റ് രണ്ടുപേരുടെ മൃതദേഹങ്ങൾക്കുവേണ്ടിയുള്ള തിരച്ചിൽ നടക്കുകയാണ്. ശബരിമലയിൽ മാലിന്യരഹിതവും ചൂഷണരഹിതവും അപകടരഹിതവുമായ നടപടികൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് അനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന ശബരിമല മാസ്റ്റർ പ്ലാൻ പ്രവർത്തനമാരംഭിക്കുകയും സീറോ വേസ്റ്റ് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഇതിനോടകം കണക്കാക്കിയിട്ടുള്ള ഒരു ലക്ഷത്തിലധികം കോടി രൂപയുടെ സമ്പത്ത് ക്ഷേത്രത്തിന് അവകാശപ്പെട്ടതാണെന്ന് സർക്കാർ തീരുമാനിച്ചതോടൊപ്പം അതിന്റെ മുഴുവൻ സംരക്ഷണ ചുമതല ഏറ്റെടുക്കുകയും ചെയ്തു. അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള സ്കൂൾ പാഠപുസ്തകം നേരത്തെ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതിന് അധ്യാപക പാക്കേജ് നടപ്പിലാക്കുന്നതാണ്. വികലാംഗരുടെ നിയമനത്തിലുണ്ടായിരുന്ന ബാക്ക്‌ലോഗ് നികത്തുന്നതിന് 1039 പോസ്റ്റുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റേഷൻ കാർഡിന് അപേക്ഷിച്ചിട്ടുള്ള എല്ലാവർക്കും റേഷൻ കാർഡ് നൽകാനും കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

തെരഞ്ഞെടുപ്പുകാലത്തെ 'വികസനവും കരുതലും' എന്ന മുദ്രാവാക്യം നിറവേറ്റുന്നതോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 'വിഷൻ 2030' നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ 3386 എംപാനലുകാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഗവണ്മെന്റ് .വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാന ത്താവളം, ദേശീയജലപാത എന്നിവ യാഥാർത്ഥ്യമാക്കാൻ പോകുന്നു. സ്മാർട്ട് സിറ്റി, കൊച്ചിൻ-കോയമ്പത്തൂർ വ്യാവസായിക ഇടനാഴി, ഇൻഫോ സിസിന്റെ സെക്കന്റ് ക്യാമ്പസ് എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചു. എമർജിംഗ് കേരളയിലൂടെ കേരളത്തിന്റെ സാദ്ധ്യതകളും അവസരങ്ങളും ലോകം അറിയാൻ അവസരം ഉണ്ടാക്കി. പാവപ്പെട്ടവർക്ക് വേണ്ടിയുള്ള കാരുണ്യ ലോട്ടറി പദ്ധതി നടപ്പിലാക്കി. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഇവിടെ ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ നൽകണമെന്നതാണ് ഗവണ്മെന്റിന്റെ നയം. റൈറ്റ് ടു എംപ്ലോയ്മെന്റ്, റൈറ്റ് ടു എഡ്യൂക്കേഷൻ, റൈറ്റ് ടു ഫുഡ് എന്നീ സ്കീമുകൾ നടപ്പിലാക്കി. പ്ലാൻ എക്സ്പെന്റിച്ചറിൽ പല വിധത്തിലുള്ള അപാകതകൾ വരുന്നതുകൊണ്ട് മൂന്നിലൊന്ന് ഫണ്ട് ലോക്കൽ ബോഡീസിന് കൊടുക്കാൻ തീരുമാനിച്ചതോടൊപ്പം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അഞ്ച് വർഷത്തെ പ്ലാൻ നടപ്പിലാക്കാനും തീരുമാ നിച്ചു. 12 - ാം പഞ്ചവൽസരപദ്ധതിയുടെ പ്ലാൻ സൈസ് 1,05,000 കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ്. കർഷകത്തൊഴിലാളി പെൻഷൻ ഡിസം ബർ മാസംവരെയുള്ള കുടിശ്ശിക മുഴുവനും പഞ്ചായത്തുകൾക്ക് നൽകി.

ബാങ്ക് അക്കൗണ്ടുകളിലൂടെ മാസംതോറും പെൻഷൻ കൊടുക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. 400 രൂപയായി വർദ്ധിപ്പിച്ച പെൻഷൻ ഏപ്രിൽ ഒന്നാം തീയതിമുതൽ ആദ്യമായി കൊടുത്തുതുടങ്ങിയത് ഈ സർക്കാരാണ്. സൂര്യനെല്ലി കേസിലെ പെൺകുട്ടിയുടെ പേരിൽ മുൻസർക്കാരിന്റെ കാലത്തുണ്ടായ കേസിന്റെ തുടർ നടപടികൾ മാത്രമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തുക നൽകിയതോടൊപ്പം 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരെയെല്ലാം സ്ഥിരപ്പെടുത്തുന്നതിനും എംപാനൽ ഡ്രൈവർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും 14 ശതമാനം ഡി.എ. അനുവദിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സൂര്യനെല്ലി കേസ്സുമായി ബന്ധപ്പെട്ട പെൺകുട്ടിക്കെതിരെ എടുത്ത കേസിനെ സംബന്ധിച്ച് പ്രതിപക്ഷ നേതാവിന് ഒരു ബന്ധവും ഇല്ലെന്നുള്ള നിലയിലാണ് സംസാരിച്ചത്. കേസെടുക്കണമെന്ന് മുൻ മുഖ്യമന്ത്രി മുൻ ധനകാര്യ വകുപ്പുമന്ത്രിയെ വിളിച്ചുപറഞ്ഞുവെന്നാണ് ഡോ. തോമസ് ഐസക്ക് പറയുന്നത്. ഇങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: നായനാർ ഗവൺമെന്റിന്റെ കാലത്തുനടന്ന സൂര്യനെല്ലി സംഭവവുമായി ബന്ധപ്പെട്ട കുറ്റവാളികളെയെല്ലാം അറസ്റ്റ് ചെയ്യുകയും പിന്നീട് കേസെടുക്കുകയും സ്പെഷ്യൽ കോടതി രൂപവൽക്കരിച്ച് തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ അക്രമികളെ ശിക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ധനകാര്യ വകുപ്പുമന്ത്രി വസ്തുതാ വിരുദ്ധമായി ഡോ. തോമസ് ഐസക്കിനെതിരായി സ്റ്റേറ്റ്മെന്റ് നടത്തിയത് ശരിയല്ല.

<u>ശ്രീ. കെ. എം. മാണി:</u> കേട്ടതിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ പിൻവലിക്കാം.

(ഡോ. തോമസ് ഐസക് - നെതിരെ ശ്രീ. കെ.എം. മാണി നടത്തിയ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു.)

<u>ശ്രീ. ഉമ്മൻ ചാണ്ടി :</u> പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളിൽനിന്നും വ്യത്യസ്തമായ തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിയില്ല. പിറവം തെരഞ്ഞെടുപ്പ് കഴിഞ്ഞാലും ഈ ഗവൺമെന്റും യു.ഡി.എഫ്.-ഉം ഇതേ രീതിയിൽതന്നെ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തെ ജനങ്ങൾ ഗവൺമെന്റിന് നൽകുന്ന പിന്തുണയോടെ സർക്കാർ മുന്നോട്ടു പോകുകയാണ്. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. റ്റി.എ. അഹ്മദ് കബീർ അവതരിപ്പിച്ച നന്ദിപ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 5.55-ന് പിരിഞ്ഞു.

**@@@@@@@@@@@**